بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാല്യം 6

ലക്കം 42

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ഒക്ടോബർ 21/ഹി.ശം. 1400 അഖാഅ് 21/1443 റബീഉൽ അവ്വൽ 14


## അല്ലാഹുവിന്റെ വചനം

یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡۤا اِنَّمَا الۡخَمۡرُ وَ
الۡمَیۡسِرُ وَالۡاَنۡصَابُ وَالۡاَزۡلَامُ رِجۡسٌ
مِّنۡ عَمَلِ الشَّیۡطٰنِ فَاجۡتَنِبُوۡہُ لَعَلَّکُمۡ
تُفۡلِحُوۡنَ (المائدة: 91)

'വിശ്വസിച്ചവരേ! നിശ്ചയമായും മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെക്കുന്ന അസ്ത്രങ്ങളും പിശാചിന്റെ ചെയ്തികളിൽപ്പെട്ട നീചകൃത്യങ്ങളാണ്. അതിനാൽ നിങ്ങൾ അവയെ വർജിക്കുക; നിങ്ങൾ വിജയികളാകുന്നതിനുവേണ്ടി.' (5:91)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

**യാചിക്കാതേയും ആഗ്രഹിക്കാതേയും അല്ലാഹു ആർക്കെങ്കിലും കൊടുത്താൽ**

(1473) ഹദ്റത്ത് ഇബ്നു ഉമർ(റ)നിവേദനം. ഉമർ(റ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. നബി(സ)തിരുമേനി എനിക്കു ചില സമ്മാനങ്ങൾ നല്കും. ഞാൻ പറയും: 'എന്നെക്കാൾ വലിയ ആവശ്യക്കാരനു നല്കിയാലും.' അപ്പോൾ നബി(സ)തിരുമേനി പറയും: 'നീ അതു സ്വീകരിക്കുക. മനസ്സിൽ അത്യാഗ്രഹമോ യാചനയോ ചെയ്യാതെ വല്ല ധനവും നിങ്ങൾക്കു കിട്ടിയാൽ അതു സ്വീകരിച്ചുകൊള്ളുക. അങ്ങനെ ലഭിക്കാത്ത ധനമാണെങ്കിലോ നിങ്ങൾ അതിന്റെ പിന്നാലെ നടക്കരുത്.'

**യാചന; കുറ്റവും ശിക്ഷയും**

(1474) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ഒരു മനുഷ്യൻ ജനങ്ങളോടു യാചിച്ചു കൊണ്ടിരിക്കും. അങ്ങനെ പരലോകത്ത് അവൻ വരുമ്പോൾ അവന്റെ മുഖത്ത് മാംസത്തിന്റെ ഒരു ചെറിയ കഷണംപോലും അവശേഷിക്കുകയില്ല. *(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബുസ്സക്കാത്ത്, പ്രസാധനം 2008 ഖാദിയാൻ)*

.....☆.....☆.....☆.....

**'സിദ്ദീഖ്'എന്ന പദം മുബാലഗ(അതിവർണന)യുടെ പട്ടികയിൽപ്പെട്ടതാണ്. അതായത് തികച്ചും സത്യസന്ധതയിൽ വിലയം പ്രാപിച്ചിട്ടുള്ളവൻ. ശ്രേഷ്ഠമായ നിലയിൽ സത്യസന്ധതപാലിക്കുകയും സത്യത്തെ പ്രേമിക്കുകയും ചെയ്യുന്നവൻ.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### സിദ്ദീഖിയ്യത്തിന്റെ സ്ഥാനം

സിദ്ദീഖ് എന്ന പദം മുബാലഗ(അതിവർണന)യുടെ പട്ടികയിൽപ്പെട്ടതാണ്. അതായത് തികച്ചും സത്യസന്ധതയിൽ വിലയം പ്രാപിച്ചുള്ളവൻ. ശ്രേഷ്ഠമായ നിലയിൽ സത്യസന്ധതപാലിക്കുകയും സത്യത്തെ പ്രേമിക്കുകയും ചെയ്യുന്നവൻ. ആ നേരത്താണ് അവൻ 'സിദ്ദീഖ്' എന്ന് പറയപ്പെടുന്നത്. ഇതെങ്ങനെയുള്ള സ്ഥാനമാണെന്നാൽ ഒരാൾ ഈ സ്ഥാനത്തെത്തുമ്പോൾ അയാൾ എല്ലാതരത്തിലുള്ള സത്യസന്ധതകളുടേയും വിശ്വസ്തതകളുടേയും സമാഹാരവും അവയെ ആകർഷിച്ചെടുക്കുന്നവനുമായിത്തീരുന്നു;ആഗ്നേയസ്ഫടിക സൂര്യകിരണങ്ങളെ അതിന്മേൽ ഒരുമിച്ചുകൂട്ടുന്നതുപോലെ 'സിദ്ദീഖ്'സത്യസന്ധതയുടെ സമ്പൂർണതകളെ ആകർഷിച്ചെടുക്കുന്നവനായിയിരിക്കും.

### സമ്പൂർണ സിദ്ദീഖിയ്യത്ത് പ്രാപിക്കലിന്റെ തത്ത്വം

സിദ്ദീഖിന്റെ പരിപൂർണത പ്രാപിക്കലിന്റെ തത്ത്വം എന്താണെന്നാൽ അവൻ തന്റെ ദൗർബല്യവും ദാരിദ്ര്യവും കണ്ട് തന്റെ ശക്തിയും കഴിവുമനുസരിച്ച് ഇയ്യാക്ക നഅ്ബുദു പറയുന്നു. സത്യം സ്വീകരിക്കുകയും കളവ് ഉപേക്ഷിക്കുകയും ചെയ്യുന്നു. കളവുമായി ബന്ധപ്പെട്ടു നില്ക്കുന്ന എല്ലാതരം മാലിന്യത്തിൽനിന്നും അഴുക്കിൽനിന്നും ദൂരത്തേക്കോടുകയും വ്യർഥമായ നിലയിലോ ലാഭം ഉണ്ടാക്കുന്നതിനോ ദ്രോഹം തടയുന്നതിനോവേണ്ടി ഒരിക്കലും കളവുപറയുകയോ കള്ളസാക്ഷ്യം പറയുകയോ ശരീരേച്ഛയ്ക്ക് അടിപ്പെട്ട് അസത്യമായവാക്കു പറയുകയോ ചെയ്യുകയില്ലെന്നും പ്രതിജ്ഞ ചെയ്യുന്നു. അതായത് ഒരു വിധത്തിലും അവസ്ഥയിലും കളവ് സ്വീകരിക്കുകയില്ല! ഈ നിലയിൽ വാഗ്ദാനം ചെയ്യുമ്പോൾ ഇയ്യാക്ക നഅ്ബുദു അനുസരിച്ച് പ്രത്യേകനിലയിൽ കർമങ്ങൾ ചെയ്യുന്നു. ആ കർമം ഉന്നതനിലയിലുള്ള 'യിബാദത്ത്' അഥവാ ആരാധനയാണ്. ഇയ്യാക്ക നഅ്ബുദു കഴിഞ്ഞാൽ പിന്നീടു വരുന്നത് ഇയ്യാക്ക നസ്തയീനാണ്. ഇതു അയാളുടെ വായിൽനിന്ന് പുറപ്പെട്ടാലും ഇല്ലെങ്കിലും എല്ലാ കൃപാവരങ്ങളുടേയും ഉൽഭവസ്ഥാനവും സത്യത്തിന്റേയും നേർമാർഗത്തിന്റേയും ഉറവിടവുമായ അല്ലാഹു അവനെ തീർച്ചയായും സഹായിക്കുന്നതായിരിക്കും. സാത്വിക സാക്ഷ്യത്തിന്റെ ഉന്നതമായ തത്ത്വവും യാഥാർഥ്യവും അവനിൽ തുറക്കുന്നതുമാണ്. നിയമപരമായ കാര്യങ്ങളെല്ലാം പാലിച്ചും സത്യസന്ധതയും വിശ്വസ്തതയും കൈവിടാതെയും കച്ചവടം ചെയ്യുന്ന വ്യാപാരി, അവൻ ഒരു പൈസയുടെ കച്ചവടമാണ് ചെയ്യുന്നതെങ്കിലും അല്ലാഹു അവന് ഒരു പൈസയ്ക്കുപകരം ലക്ഷക്കണക്കിന് രൂപ നല്കുന്നു. (മൽഫൂദാത്ത് വാല്യം 1, പേജ് 331, പ്രസാധനം 2018 ഖാദിയാൻ)

**ഒരുമിച്ചുകൂട്ടുന്നതിനാണ് 'ഹശ്ർ' എന്നു പറയുന്നത്. ഈ അർഥങ്ങളുടെ അടിസ്ഥാനത്തിൽ മരണത്തിനുശേഷമുള്ള ഉയിർത്തെഴുന്നേല്പിനുവേണ്ടിയാണ് ഇതു ഉപയോഗിക്കുന്നത്. കാരണം ആ ദിവസം മുമ്പേയും പിമ്പേയുമുള്ള സകലമനുഷ്യരേയും ഒരുമിച്ചുകൂട്ടുന്നതായിരിക്കും. 'ഹശ്ർ' എന്ന പദം നബിമാർമുഖേന ഈ ലോകത്തുണ്ടാകുന്ന ഒരുമിച്ചുകൂട്ടലിനും പറയാറുണ്ട്. അതായത് മുഴുവൻ ജനതയേയും ഭിന്നതകളിൽനിന്നും കലഹങ്ങളിൽനിന്നും പുറത്തുകൊണ്ടുവന്ന് ഏകത്വത്തിന്റെ ചരടിൽ കോർക്കുക.**

സൂറത്തുൽ ഹിജ്റിന്റെ 26-ാം വചനമായ വ **ഇന്ന റബ്ബക്ക ഹുവ യഹ്ശുറുഹും. ഇന്നഹൂ ഹക്കീമുൻ അലീമുൻ** (നിശ്ചയമായും നിന്റെ നാഥൻതന്നെയാണ് അവരെ എല്ലാവരേയും ഒരുമിച്ചു കൂട്ടുന്നത്. തീർച്ചയായും അവൻ യുക്തിജ്ഞനും സർവജ്ഞനുമാകുന്നു) എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഒരുമിച്ചുകൂട്ടുന്നതിനാണ് 'ഹശ്ർ' എന്നു പറയുന്നത്. ഈ അർഥങ്ങളുടെ അടിസ്ഥാനത്തിൽ മരണത്തിനുശേഷമുള്ള ഉയിർത്തെഴുന്നേല്പിനുവേണ്ടിയാണ് ഇതു ഉപയോഗിക്കുന്നത്. കാരണം ആ ദിവസം മുമ്പേയും പിമ്പേയുമുള്ള സകലമനുഷ്യരേയും ഒരുമിച്ചുകൂട്ടുന്നതായിരിക്കും. 'ഹശ്ർ'എന്ന പദം നബിമാർമുഖേന ഈ ലോകത്തുണ്ടാകുന്ന ഒരുമിച്ചുകൂട്ടലിനും പറയാറുണ്ട്. അതായത് മുഴുവൻ ജനതയേയും ഭിന്നതകളിൽനിന്നും കലഹങ്ങളിൽനിന്നും പുറത്തുകൊണ്ടുവന്ന് ഏകത്വത്തിന്റെ ചരടിൽ കോർക്കുക. 'ഹശ്ർ' ഉണ്ടാകാത്തതായ ഒരു നബിയും ലോകത്തു വന്നിട്ടില്ല. നബി(സ)തിരുമേനിയുടെ കാലഘട്ടത്തെ നോക്കുക. എങ്ങനെയുള്ള 'ഹശ്ർ' ആണുണ്ടായത്. വിവിധ ചിന്താഗതിക്കാരായ ആളുകൾ ഒരൊറ്റ 'കലിമ'യിൽ സംഘടിപ്പിക്കപ്പെടുകയും പിന്നീട് മുഴുലോകത്തും വ്യാപിപ്പിക്കപ്പെടുകയും ചെയ്തു. ഈ ആയത്തിൽ രണ്ടു 'ഹശ്ർ'ലേക്കും സൂചനയുണ്ട്. ഭൗതികമായ 'ഹശ്ർ' ഇപ്രകാരമാണ്. ഇന്ന് നിന്റെ ജനത നിനക്കെതിരിലാണെങ്കിലും ഒരു ദിവസം എല്ലാവരേയും നിന്റെ കൈയിൽ സംഘടിപ്പിക്കുന്നതായിരിക്കും. അല്ലാഹുവിന്റെ 'ഹക്കീം' എന്നും 'അലീം' എന്നുമുള്ള സവിശേഷ ഗുണങ്ങൾകൊണ്ടു പറഞ്ഞിരിക്കുന്നത് പെട്ടെന്ന് സംഘടിപ്പിക്കപ്പെടാത്തത് അത് യുക്തിക്ക് വിരുദ്ധമായതുകൊണ്ടാണെന്നാണ്. അല്ലാഹുവിന് അവരുടെ മനസ്സുകളെ ബലാൽക്കരമായി നിയന്ത്രിച്ച് മുസ്‌ലിമാക്കാമായിരുന്നു. എന്നാൽ, അതുകൊണ്ട് എന്തു നേട്ടമുണ്ടാകാനാണ്? ഇങ്ങനെ മുസ്‌ലിമാകുന്നവർ എന്തെങ്കിലും സമ്മാനത്തിന്നർഹരാകുമായിരുന്നില്ല. രണ്ടാമതായി അവരിലെ ആത്മീയമായ ശക്തിഉൾക്കൊള്ളുകയും നബിയെ അദ്ദേഹത്തിന്റെ തുടക്കത്തിൽത്തന്നെ തിരിച്ചറിയുകയും ചെയ്യുന്നവരും ബലഹീനരും തമ്മിൽ ഒരു വ്യത്യാസവുമുണ്ടാകുകയില്ല. അങ്ങനെയായിരുന്നെങ്കിൽ അബൂബക്റും അബൂജഹ്‌ലും തമ്മിൽ എന്തു

ശേഷം പേജ് 12 ൽ

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**

**ഈ ലക്കത്തിൽ**


ജുമുഅ ഖുത്ബ 10-9-2021
സമ്പൂർണ പരിഭാഷ

അമീറുൽമുഅ്മിനീന്റെ
യൂറോപ്യൻ പര്യടന റിപ്പോർട്ട്

സുപ്രധാന ചോദ്യങ്ങൾക്ക് മറുപടി,
അമീറുൽമുഅ്മിനീൻ


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

അല്ലയോ ഇസ്‌ലാമിന്റെ കാവൽ ഭടന്മാരേ! അഖബ ബയ്അത്തിൽ പങ്കെടുത്ത നഖീബുമാരിൽ ഏറ്റവും പ്രായം കുറഞ്ഞ നേതാവ് ഞാനായിരുന്നു. എന്നാൽ, എല്ലാവരേക്കാളും ദീർഘായുസ്സ് ലഭിച്ചത് എനിക്കാണ്. അല്ലാഹു നിങ്ങളോടൊപ്പം ഇന്ന് ശത്രുക്കളുമായി പോരാടാൻ ഞാൻ ജീവിച്ചിരിക്കണമെന്ന് എന്നെ കുറിച്ച് വിധിച്ചതാണ്. ആരുടെ കൈകളിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! ഞാൻ എപ്പോഴൊക്കെ വിശ്വാസികളുടെ സംഘവുമായി മുശ്‌രിക്കീങ്ങളുടെ സംഘത്തെ നേരിട്ടുണ്ടോ അപ്പോഴെക്കെ ഞാൻ യുദ്ധമൈതാനം വെടിപ്പാക്കിയിട്ടുണ്ട്. അല്ലാഹു ഞങ്ങൾക്ക് വിജയം പ്രദാനം ചെയ്തു.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

മറ്റു അധിനിവിഷ്ട പ്രദേശങ്ങളിലെന്നപോലെ ഖിന്നിസ്‌രീൻകാരോട് മുസ്‌ലിമീങ്ങൾ നല്ല നിലയിൽ പെരുമാറി. ശക്തർ ദുർബലർക്കുമേൽ ഒരു തരത്തിലുള്ള അതിക്രമമോ സമ്മർദമോ ചെലുത്താൻ പാടില്ലെന്നുള്ള സമത്വ ദർശനങ്ങളുടെ അടിസ്ഥാനത്തിൽ അവർക്കിടയിൽ നീതി നടപ്പിൽ വരുത്തി.

ഡമാസ്കസ് വിജയത്തിനുശേഷം നേരിടേണ്ടിവന്ന സംഭവങ്ങൾ, ഫിഹ്ൽ, ബയ്സാൻ, ത്വബരിയ്യ, ഖിംസ്,മർജുർറൂം, ഹമാത്ത്, ലാദിഖിയ, ഖിന്നിസ്‌രീൻ,ഖയ്സാരിയ്യ എന്നീ രാജ്യങ്ങളുടെമേലുണ്ടായ വിജയങ്ങളുടെ വിശദമായ ചർച്ച

കേരളത്തിലെ മുൻ മുബല്ലിഗായ മർഹൂം മൗലവി കെ മുഹമ്മദ് അലവി സാഹിബിന്റെ ഭാര്യ ഖദീജ സാഹിബ, കോട്ടുഫത്ഹ് ഖാനിലെ മലിക് സുൽത്വാൻ റശീദ് ഖാൻ സാഹിബ്, ഇന്തൊനേഷ്യയിലെ അബ്ദുൽ ഖയ്യൂം സാഹിബ്, ബെനിനിലെ ദാവൂദ് റസ്സാഖി യൂനുസ് (Daouda Razaki Younus) സാഹിബ് തുടങ്ങിയ പരേതാത്മക്കളെ കുറിച്ചുള്ള അനുസ്മരണവും ജനാസഗാഇബും.

**ഖുത്ബ ജുമുഅ 2021 സെപ്റ്റംബർ 10/1400 തബൂക് 10, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۞

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്തു കാലഘട്ടത്തെ കുറിച്ചായിരുന്നു വിവരിച്ചുവന്നിരുന്നത്. അക്കാലത്തെ യുദ്ധങ്ങളെകുറിച്ച് പറയുകയായിരുന്നു. ചരിത്രഗ്രന്ഥങ്ങൾ വായിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത്, ഹദ്റത്ത് അബൂബക്റിന്റെ കാലഘട്ടത്തിൽ മാസങ്ങളോളം ഡമാസ്കസിലെ ഉപരോധം നീണ്ടു പോയെന്നും അദ്ദേഹത്തിന്റെ വഫാത്തിനുശേഷം കുറച്ചുകാലം കഴിഞ്ഞാണ് മുസ്‌ലിമീങ്ങൾക്ക് ആ യുദ്ധത്തിൽ വിജയം ലഭിച്ചതെന്നുമാണ്. എന്തായാലും ആ യുദ്ധത്തിന്റെ വിശദവിവരങ്ങൾ, അത് ഹദ്റത്ത് അബൂബകറിന്റെ കാലത്തുള്ളതായിരുന്നതിനാൽ അദ്ദേഹത്തെ അനുസ്മരിക്കുമ്പോൾ പരാമർശിക്കുന്നതായിരിക്കും. ഇൻശാ അല്ലാഹ്. ഡമാസ്കസ് വിജയാനന്തരം നടന്ന സംഭവവികാസങ്ങൾ ഞാൻ ഇവിടെ വിവരിക്കാം. ഡമാസ്കസ് ജയിച്ചടക്കിയശേഷം അബൂ ഉബയ്ദ, ഖാലിദ് ബിൻ വലീദിനെ ബിഖായിലേക്ക് യുദ്ധദൗത്യവുമായി അയച്ചു. ഡമാസ്കസിനും ബഅലബക്കിനും ഖിംസിനും ഇടയിലുള്ള ഒരു വലിയ ഭൂപ്രദേശമാണ് ബിഖാഅ്. അവിടെ ഒരുപാടു ചെറിയ ചെറിയ ഗ്രാമങ്ങൾ സ്ഥിതി ചെയ്യുന്നു. അദ്ദേഹം അതിനെ ജയിച്ചടക്കി. ശേഷം കൂടുതൽ നീക്കങ്ങൾക്കായി ഒരു സൈന്യത്തെയും മുന്നോട്ടേക്കയച്ചു. റോമക്കാരും ആ സൈന്യവും മയ്സനൂൻ എന്ന പേരുള്ള അരുവിയിൽവെച്ച് കണ്ടുമുട്ടുകയും യുദ്ധം നടക്കുകയും ചെയ്തു. അവിചാരിതമായി റോമക്കാരനായ സിനാൻ എന്ന പേരുള്ള വ്യക്തി ബെയ്റുത്തിന്റെ പിൻഭാഗത്തുനിന്നു മുസ്‌ലിമീങ്ങൾക്കുനേരെ അക്രമം നടത്തുകയും വിജയം നേടുകയും ചെയ്തു. മുസ്‌ലിമീങ്ങളിൽ വലിയ തോതിൽ ശഹാദത്തുകളുണ്ടായി. ബെയ്റുത്ത് സിറിയയിലുള്ള സമുദ്ര തീരത്തെ ഒരു വിഖ്യാത പട്ടണമായിരുന്നു. ഈ സംഭവം കാരണത്താൽ ആ അരുവിയെ ശുഹദാക്കളുമായി ചേർത്ത് 'അയ്നു ശുഹദാഅ്' അഥവാ ശുഹദാക്കളുടെ അരുവി എന്ന് വിളിക്കപ്പെട്ടു. അബൂഉബയ്ദ ഡമാസ്കസിൽ തന്റെ പ്രതിനിധിയായി യസീദ് ബിൻ അബൂസുഫിയാനെ നിയമിച്ചു. ദിഹ്‌യാ ബിൻ ഖലീഫയെ യസീദ് ഒരു സൈന്യവുമായി തന്റെ യുദ്ധവിജയത്തിനുള്ള വഴി എളുപ്പമാക്കുന്നതിന് ഒരു തദ്മുറിലേക്ക് യാത്രയാക്കി. തദ്മുർ സിറിയയിലെ ഒരു പുരാതനവും വിഖ്യാതവുമായ പട്ടണമാണ്. ഹലബിൽനിന്നു അഞ്ച് ദിവസത്തെ യാത്രാദൂരം അവിടേക്കുണ്ട്. ഈ പറയുന്ന യസീദ്, ഹദ്റത്ത് അബൂ സുഫിയാന്റെ മകനായിരുന്നു. അതുപോലെ അബൂ സഹ്റാ ഖുശയ്‌രിയെ ബഥനിയായിലേക്കും ബിസ്മിയയിലേക്കും ഹൗറാനിലേക്കും അയച്ചു. എന്നാൽ, അവിടുത്തുകാർ സന്ധി ചെയ്തു. ബഥ്നിയ ഡമാസ്കസിന് അടുത്ത ഒരു ചെറുപട്ടണമായിരുന്നു. ഹൗറാൻ എന്നത് ഡമാസ്കസിലെ ഒരു വലിയ ഭൂപ്രദേശമായിരുന്നു. അതിൽ ഒരുപാട് ഗ്രാമങ്ങളും കൃഷിനിലങ്ങളുമുണ്ടായിരുന്നു. ശുറഹ് ബീൽ ബിൻ ഹസ്ന(റ) ഉർദൻ ഭാഗത്തെ, അതിന്റെ തലസ്ഥാനമായ ത്വബരിയ ഒഴികെ മുഴുവൻ രാജ്യത്തെയും യുദ്ധം ചെയ്ത് പിടിച്ചടക്കുകയുണ്ടായി. ആ യുദ്ധം മുസ്‌ലിംമീങ്ങൾക്കുമേൽ അടിച്ചേൽപിക്കപ്പെട്ടതായിരുന്നു. ത്വബരിയ വാസികൾ സന്ധി ചെയ്തു. ഹദ്റത്ത് ഖാലിദ്, ബിഖാഅ് പ്രദേശത്തുനിന്നു വിജയശ്രീലളിതനായി മടങ്ങി. ബഅലബഖുകാർ അദ്ദേഹവുമായി സന്ധി ചെയ്തു. അദ്ദേഹം അവർക്ക് ഉടമ്പടി എഴുതിക്കൊടുത്തു.*(സയ്യിദുനാ ഉമർ ബിൻ ഖത്ത്വാബ് ശഖ്സിയ്യത്ത് ഔർ കാർണാമെ, മുഹമ്മദ് സ്വലാബി, പേജ് 730, മക്തബ അൽ ഫുർഖാൻ ഖാൻ ഗഢ്)(മുഅ്ജമുൽ ബുൽദാൻ വാള്യം 1, പേജ് 402, 557, 623) (മുഅ്ജമുൽ ബുൽദാൻ വാള്യം 2, പേജ് 20, 364)*

ഡമാസ്കസിൽനിന്നു മൂന്ന് ദിവസത്തെ യാത്രാദൂരം ബഅ്ലബഖിലേക്കുണ്ടെന്ന് ചരിത്രത്തിൽനിന്നു മനസ്സിലാക്കാം. അതൊരു പൗരാണിക നഗരമായിരുന്നു. *(മുഅ്ജമുൽ ബുൽദാൻ വാള്യം 1, പേജ് 537-538)*

ഇവിടെ രണ്ടു സ്ഥലത്തേക്കുമുള്ള ദൂരം എന്ന് പറഞ്ഞിട്ടുള്ളത് ആ കാലഘട്ടത്തിൽ ഒട്ടകങ്ങളോ കുതിരകളോ ഉപയോഗിച്ച് ചെയ്തിരുന്ന യാത്രയുടെ ദൈർഘ്യമാണ്. ഫിഹ്ൽ ഒരു സ്ഥലമാണ്. അവിടെ ഹിജ്റ വർഷം പതിനാലിലാണ് മുസ്‌ലിമീങ്ങൾക്ക് വിജയം ലഭിച്ചത്. ഹദ്റത്ത് അബൂഉബയ്ദ(റ), ഹദ്റത്ത് ഉമറിന് (റ) ഇങ്ങനെ കത്തെഴുതി: ഹിർഖൽ,

ഖിംസിൽ താമസമുണ്ട്. അവിടെനിന്നു ഡമാസ്കസിലേക്ക് സൈന്യത്തെ അയക്കുന്നുണ്ടെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. ആദ്യം ഡമാസ്കസിനെ ആക്രമിക്കണോ അതോ ഫിഹ്‌ലിനെ ആണോ ആക്രമിക്കേണ്ടത് എന്ന കാര്യത്തിൽ തീരുമാനം എടുക്കാൻ ഞാൻ ബുദ്ധിമുട്ടുകയാണ്. ഫിഹ്‌ലും സിറിയയിലെ ഒരു സ്ഥലത്തിന്റെ പേരാണ്. ഹദ്റത്ത് ഉമർ(റ) ഇപ്രകാരം മറുപടി എഴുതി, ആദ്യം ഡമാസ്കസിനെ ആക്രമിച്ച് കീഴടക്കുക. അത് സിറിയയുടെ ഭരണ സിരാകേന്ദ്രവും കോട്ടയുമാണ്. അതോടൊപ്പം ഫിഹ്‌ലിലേക്കും ചെറുസൈന്യങ്ങളെ അയക്കുക. അങ്ങനെ അവർ നിങ്ങളിലേക്ക് യുദ്ധനീക്കം നടത്തുന്നത് തടയാവുന്നതാണ്. ഡമാസ്കസിന് മുമ്പേ ഫിഹ്ൽ ജയിച്ചടക്കിയാൽ നല്ലതുതന്നെ. അല്ലെങ്കിൽ ഡമാസ്കസിൽ വിജയം നേടിയതിനുശേഷം അവിടെ കുറച്ചു സൈനികരെ നിറുത്തിക്കൊണ്ട് എല്ലാ സേനാനായകന്മാരെയുംകൂട്ടി ഫിഹ്‌ലിലേക്ക് പുറപ്പെടുക. അല്ലാഹു നിങ്ങളുടെ കരങ്ങളാൽ ഫിഹ്‌ലിനു മേൽ വിജയം നൽകിയാൽ ഖാലിദും താങ്കളും ഖിംസിലേക്ക് പോവുക. ശുറഹ്ബീിനേയും അംറിനെയും ഉർദനിലേക്കും ഫലസ്തിനിലേക്കും അയക്കുക. ഹദ്റത്ത് ഉമറിന്റെ(റ) ഈ കത്തു കിട്ടിയ ഉടൻ അബൂഉബയ്ദ പത്ത് പട്ടാള ഓഫീസർമാരെ ഫിഹ്‌ലിലേക്ക് അയച്ചു. അവരിൽ പ്രധാനി അബുൽ അഅ്‌വർ സുൽമി ആയിരുന്നു. അദ്ദേഹം സ്വയം ഹദ്റത്ത് ഖാലിദ് ബിൻ വലീദിനോടൊപ്പം ഡമാസ്കസിലേക്ക് തിരിച്ചു. മുസ്‌ലിമീങ്ങൾ തങ്ങളുടെ അടുത്തു വരുന്നതു കണ്ടപ്പോൾ റോമൻ സൈന്യം തങ്ങളുടെ ചുറ്റിലുമുള്ള പ്രദേശത്ത് ബുഹയ്റത്വബരിയായിലേയും ഉർദൻ നദിയിലേയും വെള്ളംമൊഴുക്കി വിടുകയും ആ സ്ഥലം മുഴുവൻ ചെളിപ്രദേശമായി മാറുകയും ചെയ്തു. അതു കടന്നു പോവുക വളരെ ദുഷ്കരമായിരുന്നു.*(സയ്യിദുനാ ഉമർ ഫാറൂഖ് അഅ്ളം, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർജിം, പേജ് 194 –195, ഇസ്‌ലാമി കുതുബ് ഖാന ലാഹോർ) (അൽഫാറൂഖ്, അല്ലാമാ ശിബ്‌ലി, പേജ് 114, ദാറുൽഇശാഅത്ത് കറാച്ചി 1991) (മുഅ്ജമുൽ ബുൽദാൻ, വാല്യം 4, പേജ് 268)*

ഹിർഖൽ ഡമാസ്കസിലേക്ക് സഹായത്തിന് അയച്ച സൈന്യങ്ങൾക്ക് അവിടെ എത്തിച്ചേരാനായില്ല. വെള്ളം തുറന്നുവിട്ട കാരണത്താൽ എല്ലാ വഴികളും അടഞ്ഞിരുന്നു. എന്നാൽ, മുസ്‌ലിമീങ്ങൾ സ്ഥൈര്യം കാഴ്ചവെച്ചു. മുസ്‌ലിമീങ്ങളുടെ സ്ഥിരചിത്തത കണ്ട് ക്രിസ്ത്യാനികൾ സന്ധിചെയ്യാൻ പ്രേരിതരായി. അവർ ആരെയെങ്കിലും അംബസഡറായി അയക്കുക എന്ന സന്ദേശം അബൂഉബയ്ദക്ക് എത്തിച്ചു. ഹദ്റത്ത് മുആദ് ബിൻ ജബലിനെ അതിന് അബൂഉബയ്ദ(റ) അയച്ചു. ഹദ്റത്ത് മുആദ് ബിൻ ജബൽ(റ) അവരുടെ മുമ്പാകെ ഇസ്‌ലാമിക അധ്യാപനങ്ങൾ അവതരിപ്പിച്ചു. എന്നാൽ, അവർ അത് സ്വീകരിച്ചില്ല. അതായത് ശത്രുക്കൾ സ്വീകരിച്ചില്ല. ആ അധ്യാപനങ്ങൾ അവർ തള്ളിക്കളഞ്ഞു. മറ്റുകാര്യങ്ങൾക്കൊപ്പം ഹദ്റത്ത് മുആദിന് മുമ്പാകെ റോമക്കാർ മുന്നോട്ടുവെച്ച കാര്യം തങ്ങൾ നിങ്ങൾക്ക് ബൽഖാഅ് ജില്ലയും നിങ്ങളുടെ ഭൂമിയോടു ചേർന്ന ഉർദനിലെ ഭൂഭാഗവും തരാം, അതുകൊണ്ട് നിങ്ങൾ ഈ രാജ്യം വിട്ട് പേർഷ്യയിലേക്ക് പോകണമെന്നായിരുന്നു. ആദ്യം അവർ യുദ്ധത്തിന് സൈന്യങ്ങളെ ഒരുമിച്ചു കൂട്ടുകയായിരുന്നു. എന്നാൽ, പരാജയം നേരിടുന്നുവെന്ന് തോന്നിയപ്പോൾ അവർ ഇങ്ങനെയൊരു കാര്യം അവതരിപ്പിച്ചു. എന്നാൽ, ഹദ്റത്ത് മുആദ് അത് നിഷേധിച്ചുകൊണ്ട് അവിടെനിന്നെഴുന്നേറ്റ് തിരിച്ചു പോന്നു. റോമാക്കാർ അബൂഉബയ്ദയുമായി നേരിട്ട് സംഭാഷണം നടത്താൻ ആഗ്രഹിച്ചു. അതിനുവേണ്ടി ഒരു പ്രത്യേക ദൂതനെയും അയച്ചു. ആ ദൂതൻ അവിടെ മുസ്‌ലിമീങ്ങളുടെ ക്യാമ്പിലെത്തിയപ്പോൾ കണ്ടത് അബൂഉബയ്ദ നിലത്തിരിക്കുന്നതും ഒരു അമ്പെടുത്ത് തിരിച്ചുംമറിച്ചും നോക്കുന്നതുമാണ്. സൈന്യാധിപൻ വളരെ പ്രതാപശാലി ആയിരിക്കുമെന്നാണ് അയാൾ കരുതിയത്. അതുനോക്കി ആളെ തിരിച്ചറിയാം മെന്നും കരുതിയിരുന്നു. എന്നാൽ, അയാൾ എവിടെയൊക്കെ കണ്ണുയർത്തി നോക്കിയോ അവിടെയൊക്കെ എല്ലാവരും ഒരേപോലെ കാണപ്പെട്ടു. അവസാനം വെപ്രാളംകൊണ്ട് ചോദിച്ചു, നിങ്ങളുടെ തലവനാരാണ്. ആളുകൾ അബൂഉബയ്ദക്കു നേരെ ചൂണ്ടിക്കാണിച്ചു, അയാൾ അത്ഭുതപ്പെട്ടു! വളരെ വിസ്മയത്തോടെ അദ്ദേഹത്തെ നോക്കി ചോദിച്ചു, ശരിക്കും താങ്കൾ തന്നെയാണോ ഇവരുടെ തലവൻ. അബൂഉബയ്ദ പറഞ്ഞു, അതെ! അപ്പോൾ അയാൾ പറഞ്ഞു: നിങ്ങളുടെ സൈന്യത്തിലെ ഓരോരുത്തർക്കും ഈരണ്ടു അശ്റഫികൾ വീതം തന്നാൽ നിങ്ങൾ ഇവിടംവിട്ടു പോകുമോ. ഹദ്റത്ത് അബൂഉബയ്ദ അതു നിരസിച്ചു. അതുകണ്ടു അയാൾ വല്ലാതെ കുപിതനായി. എന്നിട്ട് അവിടെ നിന്നെഴുന്നേറ്റുപോയി. അബൂഉബയ്ദ അയാളുടെ മട്ടും ഭാവവും കണ്ടപ്പോൾ സൈന്യത്തോട് തയ്യാറായി നിന്നുകൊള്ളാൻ കൽപിച്ചു. എന്നിട്ട് എല്ലാ സ്ഥിതിഗതികളും ഹദ്റത്ത് ഉമറിനെ എഴുതി അറിയിച്ചു. ഹദ്റത്ത് ഉമർ റോമാക്കാർ സൈന്യങ്ങളെ ഒരുമിച്ചു കൂട്ടുന്നതിനാൽ യുദ്ധ മുന്നേറ്റത്തിന് അവർക്ക് അനുമതി നൽകി. നിങ്ങൾ സ്ഥൈര്യത്തോടെ നിലകൊള്ളുക. നിങ്ങളെ അല്ലാഹു സഹായിക്കുന്നതായിരിക്കുമെന്ന് ധൈര്യപ്പെടുത്തുകയും ചെയ്തു. അബൂഉബയ്ദ അന്നുതന്നെ യുദ്ധ തയ്യാറെടുപ്പുകൾ നടത്താൻ കല്പന പുറപ്പെടുവിച്ചിരുന്നു. എന്നാൽ, റോമക്കാർ യുദ്ധത്തിനു മുന്നോട്ട് വന്നില്ല. അടുത്ത ദിവസം രാവിലെ ഹദ്റത്ത് ഖാലിദ് ബിൻ വലീദ് സവാരിക്കാരെ മാത്രം കൂട്ടി മൈതാനത്ത് പോയി. അവിടെ റോമൻ സൈന്യം തയ്യാറായി നിൽപ്പുണ്ടായിരുന്നു. ഇരു കക്ഷികളും തമ്മിൽ യുദ്ധം അരങ്ങേറി. മുസ്‌ലിമീംങ്ങളുടെ സ്ഥൈര്യം കണ്ട് റോമൻ സൈന്യാധിപൻ യുദ്ധം തുടരുന്നത് വ്യർഥമാണെന്ന് മനസ്സിലാക്കി മടങ്ങിപ്പോകാൻ ആഗ്രഹിച്ചു. ഹദ്റത്ത് ഖാലിദ് ഉറക്കെ വിളിച്ച് പറഞ്ഞു; റോമാക്കാർ സകല ശക്തിയും പ്രയോഗിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി ഞങ്ങളുടെ ഊഴമാണ്. എന്നിട്ട് പെട്ടെന്ന് മുസ്‌ലിമീങ്ങൾ കടന്നാക്രമണം നടത്തി. റോമാക്കാരെ തറപറ്റിച്ചു. ക്രിസ്ത്യാനികൾ കൂടുതൽ സഹായം എത്തിച്ചേരുമെന്ന് കരുതി കാത്തിരുന്ന് യുദ്ധം വൈകിപ്പിക്കുകയായിരുന്നു. ഹദ്റത്ത് ഖാലിദ് അവരുടെ സൂത്രം മനസ്സിലാക്കിയിരുന്നു. അദ്ദേഹം ഹദ്റത്ത് അബൂഉബയ്ദയുടെ അടുത്തുചെന്ന് പറഞ്ഞു: 'റോമക്കാർ നമ്മളെ ഭയന്നിരിക്കുകയാണ്. അതുകൊണ്ട് ആക്രമിക്കാൻ ഇതുതന്നെയാണ് തക്ക സമയം. അപ്പോൾതന്നെ നാളെ യുദ്ധം നടക്കുമെന്നും സൈന്യങ്ങൾ തയ്യാറാവണമെന്നുമുള്ള വിളംബരം നടത്തി. രാത്രിയുടെ അന്ത്യപാദത്തിൽ ഹദ്റത്ത് അബൂഉബയ്ദ സൈന്യത്തെ ക്രമീകരിച്ചു. റോമൻ സൈന്യത്തിന്റെ അംഗസംഖ്യ ഏകദേശം അമ്പതിനായിരമായിരുന്നു. ഹദ്റത്ത് ഉമറിന്റെ ജീവചരിത്രം എഴുതിയവരിൽ രണ്ടു ചരിത്രകാരന്മാർ, ഹൈഖലും സ്വലാബിയും പറയുന്നത് എൺപതിനായിരം മുതൽ ഒരു ലക്ഷംവരെ സൈനിക ബലമുണ്ടായിരുന്നുവെന്നാണ്. എന്തായാലും ഒരു മണിക്കൂർ യുദ്ധം കൊടുമ്പിരികൊണ്ടു. അതെ തുടർന്ന് റോമൻ സൈന്യത്തിന്റെ കാലിടറി. അവർ അങ്ങേയറ്റം പരിഭ്രാന്തരായി ചിതറിയോടി. പിന്നീട് ഹദ്റത്ത് ഉമർ ഇപ്രകാരം കല്പന നൽകി, കീഴടക്കിയ ഭൂമികളെല്ലാം അവയുടെ ഉടമസ്ഥരുടേതു തന്നെയായിരിക്കും. ആരിൽ നിന്നും ഒരു ഭൂമിയും കൈയേറുന്നതല്ല. ജനങ്ങളുടെ ജീവനും ധനവും ഭൂമിയും കെട്ടിടങ്ങളും ആരാധനാലയങ്ങളു മെല്ലാം സുരക്ഷിതമായിരിക്കും. പള്ളികൾക്ക് വേണ്ടി മാത്രമേ ഭൂമി എടുക്കുന്നതായിരിക്കും. *(സയ്യിദുനാ ഉമർ ഫാറൂഖ് അഅ്ളം, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർജിം, പേജ് 213, ഇസ്‌ലാമി കുതുബ് ഖാന ലാഹോർ)(സയ്യിദുനാ ഉമർ ബിൻ ഖത്ത്വാബ് ശഖ്സിയ്യത്ത് ഔർ കാർണാമെ, മുഹമ്മദ് സ്വലാബീ, പേജ് 730, മക്തബ അൽഫുർഖാൻ ഖാൻഗഢ്) (അൽഫാറൂഖ്, അല്ലാമാ ശിബ്‌ലി, പേജ് 114-118, ദാറുൽഇശാഅത്ത് കറാച്ചി 1991)*

ഏതെങ്കിലും ഭൂമി എടുക്കുകയാണെങ്കിൽ, അത് മസ്ജിദുകൾക്കുവേണ്ടി മാത്രമായിരിക്കണം. അല്ലാത്ത ഭൂമികൾ എല്ലാം അവയുടെ ഉടമസ്ഥന്റേതുതന്നെയായിരിക്കും. അടുത്തത് ബയ്സാൻ വിജയത്തെ കുറിച്ചുള്ള വിവരണമാണ്. ഫിഹ്ൽ യുദ്ധ വിജയം നേടിയശേഷം ശുർഹബീൽ തന്റെ സൈന്യത്തെയും അംറിനെയും കൂട്ടി ബയ്സാൻ വാസികളുടെ അടുത്തേക്കുനീങ്ങി. അവരെ വളഞ്ഞു ഉപരോധിച്ചു. ആ സമയത്ത് അബുൽഅഅ്‌വറും അദ്ദേഹത്തോടൊപ്പം മറ്റു ചില നേതാക്കന്മാരും ത്വബരിയ്യയെ വളഞ്ഞിരിക്കുകയായിരുന്നു. ത്വബരിയ്യക്ക് തെക്ക് 18 മൈൽ ദൂരത്താണ് ബയ്സാൻ സ്ഥിതിചെയ്യുന്നത്. ഉർദന്റെ പ്രദേശങ്ങളിൽ ഡമാസ്കസിനും അതിനുശേഷവുമുള്ള യുദ്ധങ്ങളിൽ റോമക്കാർ നിരന്തരം പരാജയപ്പെട്ടതിന്റെ വാർത്ത പരന്നിരുന്നു. ശുർഹബീലും അദ്ദേഹത്തോടൊപ്പം അംറ് ബിൻ ആസ്വും ഹാരിഥ് ബിൻ ഹിശാമും സഹ്ൽ ബിൻ അംറും അവരവരുടെ സൈന്യവുമായി ബയ്സാൻ ലക്ഷ്യമാക്കി വരുന്നുണ്ടെന്ന് ജനങ്ങൾ അറിഞ്ഞിരുന്നു. അതുകൊണ്ട് എല്ലായിടങ്ങളിലെയും ജനങ്ങൾ കോട്ടകളിൽ ഒരുമിച്ചുകൂടിയിരുന്നു. ശുർഹബീൽ ബയ്സാനിലെത്തുകയും അതിനെ വളയുകയും ചെയ്തു. ഉപരോധം കുറച്ചുനാൾ നീണ്ടു. എന്നാൽ, പിന്നീട് അവിടെയുള്ള ചിലർ യുദ്ധത്തിന് പുറത്തു വരികയുണ്ടായി. മുസ്‌ലിമീങ്ങൾ അവരുമായി ഏറ്റുമുട്ടുകയും അവരെ ഇല്ലായ്മ ചെയ്യുകയും ചെയ്തു. മറ്റുള്ളവർ സന്ധി ചെയ്യാൻ അപേക്ഷിച്ചു. അത് മുസ്‌ലിമീങ്ങൾ ഡമാസ്കസിന്റെ നിബന്ധനവെച്ച് അംഗീകരിച്ചു. ഡമാസ്കസ് വിജ

യത്തിന്റെ നിബന്ധനകളുടെ അടിസ്ഥാനത്തിൽ അതും അംഗീകരിക്കപ്പെട്ടു. *(താരീഖു ത്വബരി(മുത്തർജിം)വാള്യം 2, ഭാഗം 2, പേജ് 216, നഫീസ് അക്കാഡമി കറാച്ചി)(അൽഫാറൂഖ്, അല്ലാമാ ശിബ്ലി, പേജ് 114, ദാറുൽഇശാഅത്ത് കറാച്ചി 1991)*

ഇനിയുള്ളത് ത്വബരിയ്യവിജയമാണ്. ത്വബരിയ്യ വാസികൾ ബയ്സാൻ വിജയത്തെകുറിച്ചും അവരോട് നടത്തിയ ഉടമ്പടിയെകുറിച്ചും അറിഞ്ഞപ്പോൾ ശുർഹബീലിന്റെ അടുത്ത് എത്തിക്കണമെന്ന നിബന്ധനയിൽ അബുൽഅഅ്‌വറുമായി സന്ധി ചെയ്തു. അബുൽഅഅ്‌വർ അവരുടെ അപേക്ഷ അംഗീകരിച്ചു. അങ്ങനെ ത്വബരിയ്യകാരുമായും ബയ്സാൻകാരുമായും ഡമാസ്കസിലെ നിബന്ധനയോടെ സന്ധിയുണ്ടായി. അതുപോലെ പട്ടണങ്ങളുടെയും അടുത്തുള്ള ഗ്രാമങ്ങളുടെയും ജനവാസമുള്ള സ്ഥലങ്ങളിലെ ആകെയുള്ള കെട്ടിടങ്ങളിൽ പകുതി മുസ്‌ലിമീങ്ങൾക്കായി ഒഴിഞ്ഞു കൊടുക്കണമെന്നും ബാക്കി പകുതിയിൽ റോമക്കാർതന്നെ താമസം തുടരുന്നതാണെന്നും അതുപോലെ വർഷന്തോറും ഓരോരുത്തരും ഒരു ദീനാറും വിളവിൽനിന്നു നിശ്ചിത വിഹിതവും നൽകണമെന്നും തീരുമാനിക്കപ്പെട്ടു. അതിനുശേഷം മുസ്‌ലിം നേതാക്കളും അവരുടെ സൈന്യങ്ങളും അവിടെ താമസമാക്കി. അവരുടെ സന്ധി പൂർണത കൈവരിച്ചു. ഉർദനിലെ വിവിധ പ്രദേശങ്ങളിൽ പോഷക സൈന്യങ്ങളെല്ലാം തമ്പടിച്ചു. ശേഷം വിജയത്തിന്റെ സുവാർത്ത ഹദ്റത്ത് ഉമറിനെ(റ) അറിയിച്ചു. *(താരീഖു ത്വബരി(മുത്തർജിം)വാള്യം 2, ഭാഗം 2, പേജ് 216-217, നഫീസ് അക്കാഡമി കറാച്ചി)*

അടുത്തത് ഖിംസ് വിജയമാണ്. ഇത് 14 ഹിജ്‌രിയിലാണുണ്ടായത്. ഹദ്റത്ത് അബൂഉബയ്ദ അതിനുശേഷം ഖിംസിലേക്ക് യുദ്ധമുന്നേറ്റം നടത്തി. അത് സിറിയയിലെ പ്രസിദ്ധ നഗരവും യുദ്ധപരവും ഭരണപരവുമായി പ്രസക്തിയുള്ളതുമായിരുന്നു. ഡമാസ്കസിനും ഹലബിനുമിടയിൽ സിറിയയിലാണ് ഖിംസ് സ്ഥിതി ചെയ്യുന്നത്. ഖിംസിൽ ഒരു വലിയ ക്ഷേത്രമുണ്ടായിരുന്നു. അത് സന്ദർശിക്കുന്നതിന് ദൂരദിക്കുകളിൽനിന്ന് ആളുകൾ വരുമായിരുന്നു. അവർ അതിന്റെ ആരാധകരാകുന്നതിൽ വളരെ ഊറ്റം കൊണ്ടിരുന്നു. ഖിംസിന്റെ അടുത്ത് റോമക്കാർതന്നെ മുന്നോട്ടുവന്ന് യുദ്ധം ചെയ്യാൻ ആഗ്രഹിച്ചു. അങ്ങനെ ഖിംസിൽനിന്നു ഒരു വൻസൈന്യം ജുവസിയയിൽ മുസ്‌ലിമീങ്ങളുമായി ഏറ്റുമുട്ടി. എന്നാൽ, അവർ പരാജയപ്പെട്ടു. ഹദ്റത്ത് അബൂഉബയ്ദയും ഹദ്റത്ത് ഖാലിദ് ബിൻ വലീദും ഖിംസിലെത്തി നഗരം വളഞ്ഞു ഉപരോധിച്ചു. അതിശൈത്യ കാലാവസ്ഥയായിരുന്നു. മുസ്‌ലിമീങ്ങൾക്ക് തുറന്ന മൈതാനത്ത് ഒരുപാട് സമയം യുദ്ധം ചെയ്യാൻ കഴിയില്ലെന്ന് റോമക്കാർക്ക് ഉറപ്പായിരുന്നു. അതോടൊപ്പംതന്നെ ഹിർഖലിന്റെ ഭാഗത്തുനിന്നു സഹായം എത്തിച്ചേരുമെന്ന പ്രതീക്ഷയുമുണ്ടായിരുന്നു. അതുപ്രകാരം അയാൾ ജസീറയിൽനിന്ന് ഒരു സൈന്യത്തെ അയച്ചിട്ടുമുണ്ടായിരുന്നു. എന്നാൽ, ഇറാഖ് ദൗത്യച്ചുമതലയുണ്ടായിരുന്ന ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ് ആ സൈന്യത്തെ നേരിടാൻ ഒരു സൈന്യത്തെ അയച്ചിരുന്നു. അവർ ആ സൈന്യത്തെ അവിടെത്തന്നെ തടഞ്ഞു നിറുത്തുകയുണ്ടായി. *(അൽഫാറൂഖ്, മൗലാനാ ശിബ്ലി നുഅ്മാനീ, പേജ് 118-119, ദാറുൽഇശാഅത്ത് കറാച്ചി 1991)(മുഅ്ജമുൽബുൽദാൻ, വാള്യം 2, പേജ് 347)*

ചരിത്രകാരന്മാർ എഴുതിയിരിക്കുന്നു, റോമക്കാരുടെ കാലുകളിൽ തോലിന്റെ സോക്സുകളാണ് ഉണ്ടായിരുന്നത്. എന്നിട്ടും അവരുടെ കാലുകൾ മരവിച്ച് പോയിരുന്നു. എന്നാൽ, സ്വഹാബാക്കളുടെ കാലുകളിലോ മുസ്‌ലിം സൈന്യത്തിന്റെ കാലുകളിലോ വെറും ഷൂ അല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. *(സയ്യിദുനാ ഉമർ ബിൻ ഖത്ത്വാബ് ശഖ്സിയ്യത്ത് ഔർ കാർണാമെ, മുഹമ്മദ് സ്വലാബി, പേജ് 734, മക്തബ അൽഫുർഖാൻ ഖാൻ ഗഢ്)*

ഹിർഖൽ ഖിംസ്വുകാരോട് സഹായ വാഗ്ദാനം ചെയ്ത് അവർക്ക് പോരാടാനുള്ള ധൈര്യം നൽകി സ്വയം റുഹാഅ്ലേക്ക് പുറപ്പെട്ടു. അവർ വാക്കു കൊടുത്ത് സ്വയം അവിടെ നിന്നുപോയി. ഖിംസ്വുകാർ കോട്ടയടച്ചിരുന്നു. എന്നിട്ട് കൊടുംതണുപ്പുള്ള ദിവസംതന്നെ മുസ്‌ലിമീങ്ങളുമായി യുദ്ധത്തിന് പുറത്തിറങ്ങി. റോമക്കാർ ഹിർഖലിന്റെ സഹായത്തെ പ്രതീക്ഷിച്ചിരിക്കുകയും മുസ്‌ലിമീങ്ങൾ തണുപ്പു കാരണം തോൽവി സമ്മതിച്ച് ഓടിക്കളയുകയും ചെയ്യുമെന്ന് കരുതുകയും ചെയ്തിരുന്നു. എന്നാൽ, മുസ്‌ലിമീങ്ങൾ സ്ഥൈര്യം കാണിച്ചു. ഹിർഖലിന്റെ സഹായം എത്തിയതുമില്ല. തണുപ്പിന്റെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഇനി ഇവരുമായി യുദ്ധം തുടരാൻ കഴിയില്ലെന്ന് ഖിംസ്വുകാർ മനസ്സിലാക്കി .അതുകൊണ്ട് അവർ സന്ധി ചെയ്യാൻ അപേക്ഷിച്ചു. മുസ്‌ലിമീങ്ങൾ അതുസ്വീകരിച്ചു. പട്ടണത്തിലെ എല്ലാ കെട്ടിടങ്ങളും നഗരവാസികൾക്കുതന്നെ വിട്ടുകൊടുത്തു. എന്നിട്ട് ഡമാസ്കസിലെ പോലെ ടാക്സും ജിസ്‌യയും നൽകുമെന്ന ഉടമ്പടിയിൽ സന്ധി ചെയ്തു. ഹദ്റത്ത് അബൂഉബയ്ദ, ഹദ്റത്ത് ഉമറിനെ എല്ലാ കാര്യങ്ങളും അറിയിച്ചു. അതിനു മറുപടിയായി ഹദ്റത്ത് ഉമറിന്റെ നിർദേശം ഇങ്ങനെ വന്നു; ഇപ്പോൾ അവിടെത്തന്നെ തുടരുക. സിറിയയിലുള്ള ശക്തരായ അറബി ഗോത്രങ്ങളെ തങ്ങളുടെ കൊടിക്കീഴിൽ ഒരുമിച്ചുകൂട്ടുക. ഇൻശാഅല്ലാഹ് ഞാനും ഇവിടെനിന്നു തുടർച്ചയായി പോഷക സൈന്യത്തെ അയക്കുന്നതാണ്. *(സയ്യിദുനാ ഉമർ ഫാറൂഖ് അഅ്ളം, മുഹമ്മദു ഹുസയ്ൻ ഹയ്ക്കൽ, മുത്തർജിം, പേജ് 331-332, ഇസ്‌ലാമി കുതുബ് ഖാന ലാഹോർ)*

മർജുർറൂം എന്നൊരു സ്ഥലമുണ്ട്. ആ വർഷംതന്നെയാണ് മർജുർറൂമിലെ സംഭവവും അരങ്ങേറിയത്. ഡമാസ്കസിനു അടുത്തുള്ള ഒരു സ്ഥലമാണത്. സംഭവം ഇങ്ങനെയായിരുന്നു. ഫിഹ്‌ലിൽനിന്നു ഖിംസിലേക്ക് പോകാൻ ഹദ്റത്ത് അബൂഉബയ്ദ, ഹദ്റത്ത് ഖാലിദ് ബിൻ വലീദിനോടപ്പം പുറപ്പെട്ടു. എല്ലാവരും ദുൽകലാഅ് എന്ന സ്ഥലത്ത് തമ്പടിച്ചു. അവരുടെ ആ വരവിനെ കുറിച്ച് അറിഞ്ഞപ്പോൾ ഹിർഖൽ, തൂസറാബതരീഖിനെ അയച്ചു. അയാൾ മർജ് ഡമാസ്കസിൽ അതിന്റെ പടിഞ്ഞാറു ഭാഗത്തുചെന്ന് തങ്ങി. അബൂഉബയ്ദ(റ)മർജുർറൂമിന്റെ സൈന്യത്തിൽനിന്ന് തുടങ്ങി. ആ സമയത്ത് ഉണ്ടായിരുന്ന മുസ്‌ലിമീങ്ങളുടെ അവസ്ഥ എന്തായിരുന്നുവെന്നാൽ ശൈത്യകാലാവസ്ഥ കാരണം അവരുടെ ശരീരം മുറിവുകളാൽ നിറഞ്ഞിരുന്നു. ഇവർ മർജുർറൂമിലെത്തിയപ്പോൾ ശനസ്റൂമിയും അവിടെയെത്തി. തൂസറായുടെ അടുത്തുതന്നെ കുതിര പട്ടാളത്തോടൊപ്പം അയാൾ തമ്പടിച്ചു. ശരിക്കും ഈ ശനസ് എന്ന് പറയുന്നത് തൂസറായെ സഹായിക്കാനും ഖിംസ്വുകാരുടെ രക്ഷക്കുംവേണ്ടി വന്നതായിരുന്നു. അപ്പോൾ അയാൾ ഒരു തീരത്ത് തന്റെ സൈന്യവുമായി കുടികൊണ്ടു. രാത്രിയായപ്പോൾ അവരുടെ, തൂസറായുടെ മറ്റൊരു സൈന്യാധിപൻ അവിടെനിന്നു യാത്ര തിരിച്ചു. അവർ പോയ കാരണത്താൽ ആ സ്ഥലം കാലിയായി. തൂസറായുടെ പ്രതിയോഗി ഹദ്റത്ത് ഖാലിദ് ബിൻ വലീദും ശനസിനെതിരെ പട നയിച്ചത് ഹദ്റത്ത് അബൂഉബയ്ദയുമായിരുന്നു. തൂസറാ അവിടെനിന്നു ഡമാസ്കസിലേക്ക് പുറപ്പെട്ടു എന്ന വിവരം ഹദ്റത്ത് ഖാലിദ് ബിൻ വലീദിന് ലഭിച്ചപ്പോൾ അദ്ദേഹവും ഹദ്റത്ത് അബൂഉബയ്ദയും തൂസറായെ പിന്തുടരുന്നത് ഹദ്റത്ത് ഖാലിദായിരിക്കുമെന്ന് ഒരുമിച്ചു തീരുമാനമെടുത്തു. അങ്ങനെ ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ആ രാത്രിതന്നെ കുതിര പ്പട്ടാളത്തോടൊപ്പം അയാളെ പിന്തുടർന്നു. മറുഭാഗത്ത് യസീദ് ബിൻ അബൂസുഫിയാന് തൂസറായുടെ ആ നീക്കത്തെ കുറിച്ച് അറിവ് ലഭിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹം അയാളെ നേരിടാൻ വന്നു. ഇരു സൈന്യങ്ങളും യുദ്ധമൈതാനത്ത് ഏറ്റുമുട്ടി. ഇരു സംഘവും തമ്മിൽ യുദ്ധം നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ തന്നെ പിറകുഭാഗത്തുനിന്നു ഹദ്റത്ത് ഖാലിദ് ബിൻ വലീദ് തന്റെ സൈന്യസമേതം അവിടെ എത്തിച്ചേർന്നു. എന്നിട്ട് തൂസറായെ പിറകിൽനിന്നു ആക്രമിച്ചു. അക്കാരണത്താൽ അവർ ഒന്നടങ്കം പരിഭ്രാന്തരായി. മുന്നിൽനിന്നും പിന്നിൽനിന്നും ശത്രുക്കൾ കൊല ചെയ്യപ്പെട്ടു. മുസ്‌ലിമീങ്ങൾ അവരെ മരണ നിദ്രയിലാക്കി. പിന്തിരിഞ്ഞോടിയവർ മാത്രമേ അക്കൂട്ടത്തിൽ രക്ഷപ്പെട്ടുള്ളു. മുസ്‌ലിമീങ്ങൾക്ക് ആ യുദ്ധത്തിൽ നിന്നു ലഭിച്ച ഗനീമത്ത് മുതലിൽ സവാരി മൃഗങ്ങളും ആയുധങ്ങളും വസ്ത്രങ്ങളും മറ്റുമുണ്ടായിരുന്നു. അവ ഹദ്റത്ത് യസീദ് ബിൻ അബൂസുഫിയാൻ തന്റേയും ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റേയും പട്ടാളക്കാർക്കിടയിൽ വീതിച്ചു. അതിനുശേഷം ഹദ്റത്ത് യസീദ് ഡമാസ്കസിലേക്ക് പുറപ്പെടുകയും ഹദ്റത്ത് ഖാലിദ് ബിൻ വലീദ്, ഹദ്റത്ത് അബൂഉബയ്ദയുടെ അടുത്തേക്ക് മടങ്ങുകയും ചെയ്തു. ഇസ്‌ലാമിക ചരിത്രത്തിൽ കുപ്രസിദ്ധനായ യസീദ്, മുആവിയായുടെ മകനായിരുന്നു. ഈ പറഞ്ഞ യസീദ് അബൂ സുഫിയാന്റെ മകനാണ്. റോമക്കാരുടെ നേതാവായ തൂസറായെ വധിച്ചത് ഹദ്റത്ത് ഖാലിദ് ബിൻ വലീദായിരുന്നു. അദ്ദേഹം തൂസറായെ പിന്തുടർന്നു പോയപ്പോൾ ഹദ്റത്ത് അബൂഉബയ്ദ ശനസിനെ നേരിടുകയുണ്ടായി. രണ്ടു സൈന്യങ്ങൾക്കുമിടയിൽ മർജുർറൂമിന് വേണ്ടിയുള്ള പോരാട്ടം നടന്നു. ഇസ്‌ലാമിക സൈന്യം ഒരുപാടുപേരെ വധിച്ചു. ഹദ്റത്ത് അബൂഉബയ്ദ ശനസിന്റെ കഥ കഴിച്ചു. മർജുർറൂം അങ്ങനെ ശത്രുക്കളുടെ ശവശരീരങ്ങളാൽ നിറഞ്ഞു. ആ മൃതദേഹങ്ങൾ കാരണം അവിടം മുഴുവൻ ദുർഗന്ധപൂരിതമായി. റോമക്കാരിൽ ഓടിയൊളിച്ചവർ മാത്രം രക്ഷപെടുകയും മറ്റുള്ളവരൊക്കെ മരണ മുഖത്തേക്ക് ചെന്നുചാടുകയും ചെയ്തു. പിന്തിരിഞ്ഞോടിയവരെ മുസ്‌ലിമീങ്ങൾ ഖിംസ്

വരെ പിന്തുടർന്നു. *(അൽകാമിൽഫിത്താരീഖ്, വാള്യം 2, പേജ് 321, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(താരീഖുത്ത്വബരി( മുതത്തർജിം)വാള്യം 2, ഭാഗം 2, പേജ് 359 -360, നഫീസ് അക്കാഡമി കറച്ചി)(മുഅ്ജമുൽ ബുൽദാൻ വാള്യം 2 പേജ് 345)(മുഅ്ജമുൽ ബുൽദാൻ വാള്യം 3 പേജ് 272)*

പന്നീട് ഹദ്റത്ത് അബൂഉബയ്ദ(റ) സൈന്യവുമായി ഹമാത്തിലേക്ക് പുറപ്പെട്ടു. ഹമാത്തും സിറിയയിലെ ഒരു പ്രാചീന നഗരമായിരുന്നു. ആ സമയത്തെ കണക്കനുസരിച്ച് ഡമാസ്കസിൽ നിന്നു അഞ്ചുദിവസത്തെ യാത്ര ദൈർഘ്യത്തിലാണ് അതുണ്ടായിരുന്നത്. ഹമാത്തുവാസികൾ അവരുടെ മുമ്പിൽ തല കുനിച്ചു. ശഹ്സർകാർ അക്കാര്യം അറിയാനിടയായപ്പോൾ അവരും ഹമാത്തുകാരെ പോലെ സന്ധി ചെയ്തു. ശഹ്സർ, ഹമാത്തിൽ നിന്നു അരദിവസത്തെ യാത്രാ ദൂരത്തിൽ സ്ഥിതി ചെയ്തിരുന്ന ഒരു പട്ടണമായിരുന്നു. ഹദ്റത്ത് അബൂ ഉബയ്ദ അതിനുശേഷം സൽമിയ കീഴടക്കി. സൽമിയായും ഹമാത്തിൽനിന്നു രണ്ടു ദിവസത്തെ യാത്ര ദൂരത്തുള്ള പട്ടണമായിരുന്നു. *(സയ്യിദുനാ ഉമർ ഫാറൂഖ് അഅ്ളം, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർജിം, പേജ് 333, ഇസ്‌ലാമി കുതുബ് ഖാന ലാഹോർ)(മുഅ്ജമുൽ ബുൽദാൻ വാള്യം 2 പേജ് 345) (മുഅ്ജമുൽ ബുൽദാൻ വാള്യം 3 പേജ് 272)*

അതിനുശേഷം ലാസിഖിയാ വിജയമുണ്ടായി. അത് ഹിജ്റ 14 ന് നടന്നതാണ്. ഇസ്‌ലാമികസൈന്യം ഹദ്റത്ത് അബൂഉബയ്ദയുടെ നേതൃത്വത്തിൽ സിറിയയുടെ ഒരു പട്ടണവും സമുദ്രതീരത്ത് സ്ഥിതി ചെയ്യുന്നതുമായ ലാസിഖിയയിലേക്ക് തിരിഞ്ഞു. ഖിംസിന്റെ പ്രാന്തപ്രദേശങ്ങളിലാണ് അത് എണ്ണപ്പെടുന്നത്. ലാസിഖിയാക്കാർ ഇസ്‌ലാമിക സൈന്യം തങ്ങളുടെ ഭാഗത്തേക്ക് വരുന്നത് കണ്ടപ്പോൾ കോട്ടയടച്ച് പൂട്ടി. നഗരകവാടങ്ങൾ അടച്ചിട്ടുകൊണ്ട് യുദ്ധത്തിന് തയ്യാറായി. മുസ്‌ലിമീങ്ങൾ തങ്ങളെ ഉപരോധിക്കുകയാണെങ്കിൽ അവരെ തങ്ങൾക്കു നേരിടാൻ കഴിവുണ്ടെന്നും അപ്പോഴേക്കും സമുദ്രമാർഗേണ തങ്ങൾക്ക് ഹിർഖലിന്റെ പോഷക സൈന്യം എത്തിച്ചേരുമെന്ന് കരുതി അവർ സമാധാനിച്ചിരുന്നു. മുസ്‌ലിമീങ്ങൾ ആ പട്ടണത്തെ ഉപരോധിച്ചു. സുരക്ഷാ സംവിധാനങ്ങളുടെ അടിസ്ഥാനത്തിൽ ആ പട്ടണവും വളരെ ശക്തവും പട്ടാള താവളങ്ങൾ കാരണത്താൽ വളരെ പ്രശസ്തവുമായിരുന്നു. ഹദ്റത്ത് അബൂഉബയ്ദ(റ)അത് ജയിച്ചടക്കുന്നതിന് ഒരു പുതിയതന്ത്രം ആവിഷ്കരിച്ചു. കാരണം അദ്ദേഹത്തിന് യുദ്ധതന്ത്രം അറിയാമയിരുന്നു. അവരെ തോൽപ്പിക്കുക വളരെ പ്രയാസകരമാണെന്ന് അദേഹം മനസ്സിലാക്കിയിരുന്നു. തങ്ങൾ ഇവിടെത്തന്നെ തമ്പടിച്ച് അവരെ നേരിട്ടാൽ അത് ഒരു പാടുകാലം നീണ്ടുപോകുമെന്നും ആ ഉപരോധം നീണ്ടുപോയാൽ അവർക്ക് മറ്റു ശത്രുക്കളുടെ സഹായമെത്താൻ സാധ്യതയുണ്ടെന്നും അതുപോലെ ഇവിടെനിന്നു ഉദ്ദേശ്യലക്ഷ്യം നേടാതെ പോകേണ്ടി വരുകയോ അല്ലെങ്കിൽ ഉപരോധം നീളുകയോ ചെയ്താൽ ഇൻത്വാക്കിയയിലേക്ക് പോകുന്നത് അസാധ്യമാകുമെന്നും അദ്ദേഹത്തിന് തോന്നിയിരുന്നു. അതുകൊണ്ട് അദ്ദേഹം ഒരു രാത്രി അവിടെയുള്ള മൈതാനത്ത് വളരെ ആഴത്തിലുള്ള ബങ്കറുകൾ തയ്യാറാക്കി. അതിൽ കുതിരപ്പുറത്ത് പട്ടാളക്കാർ ഇരുന്നാലും പുറത്ത് കാണാത്ത വിധത്തിലായിരുന്നു അത്. അതിന് മുകളിൽ പുല്ലിട്ട് മറച്ചിരുന്നു. എന്നിട്ട് രാവിലെ ഉപരോധം നീക്കി ഖിംസിന്റെ ഭാഗത്തേക്ക് പുറപ്പെട്ടു. നഗരവാസികൾ ഉപരോധം നീങ്ങിയതു കണ്ടപ്പോൾ വളരെ സന്തോഷവാന്മാരായി ആശ്വാസത്തോടെ നഗരകവാടങ്ങൾ തുറന്നിട്ടു. മറുഭാഗത്ത് ഹദ്റത്ത് അബൂ ഉബയ്ദ രാത്രിക്കുരാമാനം സൈന്യസമേതം തിരികെ വരികയും ആ ഗുഹാസമാനമായ ബങ്കറുകളിൽ മറഞ്ഞിരിക്കുകയും ചെയ്തു. രാവിലെ നഗരകവാടങ്ങൾ തുറക്കപ്പെട്ടപ്പോൾ മുസ്‌ലിമീങ്ങൾ അവർക്കുനേരെ ആക്രമണം നടത്തുകയും കുറച്ചുപേർ നഗര കവാടങ്ങളെ നിയന്ത്രണത്തിലാക്കുകയും ചെയ്തു. കോട്ടക്ക് പുറത്തു വന്നവർ ഓടി രക്ഷപെടാതെ വേറെ വഴിയില്ലെന്ന് മനസ്സിലാക്കുകയും പട്ടണത്തിലുള്ളവർ ഭയപ്പെടുകയും ചെയ്തു. അങ്ങനെ ആ പട്ടണത്തിലുള്ളവർ രക്ഷപെടാനുള്ള മാർഗം എന്താണെന്നുള്ള അന്വേഷണത്തിലായി. കീഴടങ്ങുകയും അനുസരിക്കുകയും ചെയ്യാതെ അവർക്ക് വേറെ മാർഗം ഉണ്ടായിരുന്നില്ല. അതുകൊണ്ട് അവർ സന്ധി ചെയ്തു. ഓടിപ്പോയവർ അഭയം തേടുകയും ചെയ്തു. മുസ്‌ലിമീങ്ങൾ പട്ടണത്തിൽ പ്രവേശിച്ച് വെന്നിക്കൊടി നാട്ടി. ഹദ്റത്ത് അബൂഉബയ്ദ ബിൻ ജർറാഹ് (റ)ജിസ്യക്കുമേൽ സന്ധി ചെയ്തു. ക്രിസ്തീയ ദേവാലയം അവരെത്തന്നെ ഏൽപിച്ചു. പിന്നീട് മുസ്‌ലിമീങ്ങൾ അതിനടുത്ത് തങ്ങളുടെ മസ്ജിദും പണിതു.*(സയ്യിദുനാ ഉമർ ഫാറൂഖ് അഅ്ളം, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർജിം, പേജ് 333-334, ഇസ്‌ലാമി കുതുബ് ഖാന ലാഹോർ) (അൽഫാറൂഖ്, അല്ലാമാ ശിബ്‌ലി, പേജ് 118 -119, ദാറുൽഇശാഅത്ത് കറാച്ചി 1991)*

ആ വിജയത്തിനുശേഷം ഹദ്റത്ത് ഉമർ ഈ വർഷം ഇനി യുദ്ധനീക്കങ്ങളൊന്നും വേണ്ടെന്ന് അവർക്കെഴുതി. *(അൽഫാറൂഖ്, അല്ലാമാ ശിബ്‌ലി, പേജ് 119, ദാറുൽഇശാഅത്ത് കറാച്ചി 1991)*

അടുത്തത് ഖിന്നിസ്രീൻ വിജയമാണ്. അത് ഹിജ്റ 15 ലാണ് നടന്നത്. ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്(റ) ഹദ്റത്ത് ഖാലിദ് ബിൻ വലീദിനെ ഹലബ് പ്രവിശ്യയിലെ ഒരു തിരക്കേറിയ നഗരമായിരുന്ന ഖിന്നിസ്രീനിലേക്ക് അയച്ചു. ഹലബിലേക്കുള്ള വഴിയിൽ മലയിടുക്കിലാണ് ഖിന്നിസ്രീന്റെ കോട്ട ഉണ്ടായിരുന്നത്. ഹദ്റത്ത് ഖാലിദ് ബിൻ വലീദ് ഹാളിർ എന്ന സ്ഥലത്തിനടുത്തെത്തി. അതും ഹലബിനടുത്തുള്ള ഒരു സ്ഥലമാണ്. ആ സ്ഥലത്ത് റോമക്കാർ മീനാസിന്റെ നേതൃത്വത്തിൽ അദ്ദേഹത്തെ എതിരിടാൻ വന്നു. ഹിർഖലിനുശേഷം റോമിലെ ഏറ്റവും വലിയ സൈന്യാധിപൻ മീനാസ് ആയിരുന്നു. അവിടെയുള്ള ജനങ്ങളും അറേബ്യൻ ക്രിസ്ത്യാനികളും മുസ്‌ലിമീങ്ങളോട് യുദ്ധം ചെയ്തു. തങ്ങളുടെ നഗരത്തെ സംരക്ഷിക്കാൻ നഗരത്തിന് വെളിമ്പ്രദേശത്ത് കൂടാരം ഇടുന്നത് അറബികളുടെ രീതിയായിരുന്നു. അതുകൊണ്ടുതന്നെ അറേബ്യൻ ക്രിസ്ത്യാനികളും ആ സമ്പ്രദായ പ്രകാരം പുറത്തുവന്നു തമ്പടിച്ചു. കൊടും യുദ്ധത്തിനുശേഷം ഹദ്റത്ത് ഖാലിദ് റോമക്കാരുടെ ഒരുപാട് സൈനികരെ വധിച്ചു. അവരുടെ നേതാവ് മീനാസിനെയും വധിച്ചു. ആ പ്രദേശവാസികൾ ഖാലിദ് ബിൻ വലീദിന് ഇപ്രകാരം സന്ദേശമയച്ചു. ഞങ്ങൾ അറബികളാണ്. ഞങ്ങൾക്ക് യുദ്ധം ചെയ്യാൻ തീരെ താൽപര്യമുണ്ടായിരുന്നില്ല. ഞങ്ങളെ ബലാൽക്കാരമായി ഈ യുദ്ധത്തിൽ പങ്കെടുപ്പിച്ചതാണ്. അതുകൊണ്ട് ഞങ്ങളോട് വിട്ടുവീഴ്ച ചെയ്യണം. അപ്പോൾ ഹദ്റത്ത് ഖാലിദ് അവരുടെ ഒഴികഴിവ് സ്വീകരിച്ചു. അവരിൽനിന്ന് സ്വന്തം കൈ തടയുകയും ചെയ്തു.

കുറച്ചുറോമാക്കാർ ഖിന്നിസ്രീനിലേക്ക് ഓടി രക്ഷപെടുകയും കോട്ടകൾ അടച്ച് ഇരിക്കുകയും ചെയ്തു. ഹദ്റത്ത് ഖാലിദ് അവരെ പിന്തുടർന്നു. എന്നാൽ, അവിടെ എത്തിയപ്പോഴേക്കും റോമക്കാർ നഗരകവാടങ്ങൾ അടച്ചിരുന്നു. അതുകണ്ടപ്പോൾ ഹദ്റത്ത് ഖാലിദ് അവർക്കിപ്രകാരം സന്ദേശമയച്ചു, 'നിങ്ങൾ കാർമേഘങ്ങളിൽ ചെന്നൊളിച്ചാലും അല്ലാഹു നിങ്ങളെ ഞങ്ങളുടെ അടുത്ത് എത്തിക്കുന്നതായിരിക്കും. അല്ലെങ്കിൽ നിങ്ങളെ ഞങ്ങളുടെ മുന്നിൽ ഇട്ടു തരുന്നതായിരിക്കും.' കുറച്ചു നാൾ അവർ കോട്ട അടച്ചുതന്നെ ഇരുന്നെങ്കിലും ഒടുക്കം അവർക്ക് ഇനി രക്ഷപെടാൻ ഒരു വഴിയും ഇല്ലെന്ന് ബോധ്യമായി. അങ്ങനെ അവർ ഖിംസിൽ ഉണ്ടായിരുന്ന സന്ധി നിബന്ധനകൾ അനുസരിച്ച് ഞങ്ങൾക്ക് അഭയം നൽകണമെന്നപേക്ഷിച്ചു. എന്നാൽ, ഹദ്റത്ത് ഖാലിദ് അവരുടെ ആജ്ഞാ ലംഘനത്തിന്റെ ഫലമായി അവരെ ശിക്ഷിക്കണമെന്ന തീരുമാനത്തിലുറച്ചുനിന്നു. അവർ മുമ്പേ ചെയ്ത കരാർ ലംഘനത്തിന് അവർക്ക് ശിക്ഷ നല്

ശേഷം പേജ് 8 ൽ

## കലാമുൽ ഇമാം:

**"ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. സ്വലാത്ത് ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'**

*(മൽഫൂദാത്ത് വാള്യം 3, പേജ് 38)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## അമീറുൽമുഅ്മിനീന്റെ ഉപദേശം:

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

*(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# വെർച്ചുവൽ കൂടിക്കാഴ്ച; ചോദ്യങ്ങളും മറുപടികളും

**(ഭാഗം അഞ്ച്)**

വിവർത്തനം: മൗലവി സഫ്‌ർ അഹ്മദ്

**ഈ ക്ലാസിനുശേഷം എന്റെ മകൻ ജമാഅത്തിനെ സേവിക്കാൻ ചുവടുകൾ മുന്നോട്ടുവെച്ചുകൊണ്ടിരിക്കുന്നു. അവൻ ആവേശഭരിതനായിരിക്കുന്നു. അവന്റെ ഉള്ളിൽ പുതിയ ആത്മാവ് വന്നിരിക്കുന്നു.**

**മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യ കനഡയുടെ ഹുദൂറുമായുള്ള ആദ്യത്തെ വെർചൽ ക്ലാസ്.**

കഴിഞ്ഞ മൂന്നു വർഷമായി ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ അനുഗൃഹീത സഹവാസത്തിൽനിന്ന് ഫലമെടുക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി കനഡയിലെ മജ്‌ലിസ് അത്ഫാൽ അംഗങ്ങൾ അടങ്ങിയ ഒരു ഗ്രൂപ്പ് ഇംഗ്ലണ്ടിൽ പോകാറുണ്ട്. അൽഹംദുലില്ലാഹ്. എന്നാൽ, കഴിഞ്ഞ വർഷം 2020-ൽ കോവിഡ് മഹാമാരി കാരണത്താൽ ഈ അനുഗൃഹീത യാത്ര നിറുത്തിവെക്കേണ്ടിവന്നു. അതുകൊണ്ടുതന്നെ അവർ അങ്ങേയറ്റം നിരാശരായിരുന്നു. ഹുദൂർ അവർക്ക് ഓൺലൈനിലൂടെ കൂടികാഴ്ചയ്ക്കുള്ള അനുവാദം നൽകിക്കൊണ്ട് ഈ നിരാശയെ സന്തോഷത്തിൽ മാറ്റുകയുണ്ടായി.

2020 ഓഗസ്റ്റ് 15 ശനിയാഴ്ച കനഡയിലെ സൗഭാഗ്യരായ അത്ഫ്ഫാൽ തങ്ങളുടെ ഇമാമിന്റെ സന്നിധിയിൽ ഹാജരാകുന്നതിന് പീസ് വില്ലേജിലെത്താൻ തുടങ്ങി. അകലം പാലിച്ചുകൊണ്ടുനിന്ന ഈ കുട്ടികൾ സ്നേഹം പ്രകടിപ്പിച്ച് തങ്ങളുടെ സഹോദരങ്ങൾക്ക് കൈ കൊടുക്കാനോ ആശ്ലേഷിക്കാനോ സാധിച്ചില്ലെങ്കിലും ഹുദൂറുമായി കൂടിക്കാഴ്ചക്കുള്ള അവസരം ലഭിച്ചതിൽ സന്തുഷ്ടരാണ്.

എല്ലാ ഏർപ്പാടുകളും പൂർത്തിയായി കഴിഞ്ഞിരുന്നു. അത്ഫ്ഫാൽ സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ ഇരുന്നുകൊണ്ട് ദുആകളിലും ഇസ്തിഗ്ഫാറിലും മുഴുകി. പെട്ടെന്ന് ഹുദൂർ തിരുമനസ്സിന്റെ സ്നേഹമയമായ ശബ്ദം ഞങ്ങളുടെ ചെവിയിൽ പതിഞ്ഞു. തലപൊക്കി നോക്കിയപ്പോൾ ഹുദൂറിന്റെ പ്രകാശിക്കുന്നതും പ്രഭാമയവുമായ മുഖം ഞങ്ങളുടെ മുന്നിൽ ടി.വി.യിലുണ്ടായിരുന്നു. ഈ നിമിഷം ഹുദൂറിന്റെ അനുഗ്രഹത്താൽ ഞങ്ങളുടെ അടുത്ത് മലക്കുകൾ ഇറങ്ങുകയാണെന്നും ആ മലക്കുകൾ എല്ലാ ഏർപ്പാടുകളും തങ്ങളുടെ കൈകളിലേറ്റിക്കൊണ്ട് അതിനെ പരിപൂർണതയിലെ ത്തിക്കാൻ തുടങ്ങിയിരിക്കുകയാണെന്നും ഞങ്ങൾക്ക് അനുഭവപ്പെട്ടു.

ഹുദൂറിനെ ടി.വി.യിൽ കാണുക എന്നത് ഒരു അഹ്മദിക്കും പുതിയ കാര്യമല്ല. എന്നാൽ, ഇന്നത്തെ സദസ്സ് ഹുദൂർ കനഡയിലുള്ള ഖുദ്ദാമിനെ ടി.വി.യിലൂടെ കണ്ടുകൊണ്ട് അവരെ അഭിസംബോധന ചെയ്യുന്നു എന്ന കാര്യത്തിൽ ഒരു പ്രത്യേകതയുണ്ട്. കാലത്തിന്റെ ഖലീഫ ചരിത്രത്തിലാദ്യമായി വെർച്വൽ മീറ്റിംഗിലൂടെ തന്റെ സാന്നിധ്യംകൊണ്ട് ഞങ്ങളെ അനുഗ്രഹിച്ചിരിക്കുന്നു. ഈ കൂടിക്കാഴ്ചയുടെ പല നിമിഷങ്ങളും ഓർമിക്കാനുള്ള അടയാളമായി മാറി. ഹുദൂറിന് അത്ഫ്ഫാലിനോടുള്ള വാത്സല്യവും അതുപോലെ അത്ഫ്ഫാലിന് തങ്ങളുടെ യജമാനരോടുള്ള സ്നേഹവും വ്യക്തമായും പ്രകടമായിരുന്നു. ഈ നിമിഷത്തിൽ ഞാനിന്ന് അഹ്മദിയ്യാ ജമാഅത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്നതിൽ അല്ലാഹുവിന് നന്ദി കാണിച്ചു. അൽഹംദുലില്ലാഹ്!

അത്ഫ്ഫാലിന് ഹുദൂർ തിരുമനസ്സിൽനിന്ന് കൂടുതൽ മാർഗനിർദേശങ്ങൾ ലഭിക്കുന്നതിന് അവസരമുണ്ടാക്കുന്നതിനുവേണ്ടി പ്രോഗ്രാമിൽ പദ്യം വേണ്ടെന്ന് ഞങ്ങളാലോചിച്ചു. എന്നാലും ഒരു പദ്യത്തിന് ത്വിഫിലിനെ തയ്യാറാക്കിവെച്ചിരുന്നു. ഖുർആനും അതിന്റെ പരിഭാഷയും കേൾപ്പിച്ചപ്പോൾ പദ്യത്തിനുള്ള ഏർപ്പാട് ചെയ്തില്ലേ എന്ന് ഹുദൂർ തിരുമനസ്സ് ചോദിച്ചു. ആ സമയത്ത് എന്നെ ആരോ കുലുക്കിയതുപോലെ തോന്നി. ഞാൻ ഹുദൂറിനോട് പദ്യത്തിനുള്ള ഏർപ്പാടുണ്ടെന്ന് മറുപടി പറഞ്ഞു. ഈ ക്ലാസ്സിനുവേണ്ടി 'ഐവാനെ ത്വാഹിറിൽ' 162 ഉം ബയ്ത്തുൽ ഇസ്‌ലാമിൽ 62 വും അത്ഫ്ഫാൽ പങ്കെടുത്തിരുന്നു. ഇപ്രകാരം ഈ ക്ലാസ്സിൽ രണ്ടു സ്ഥലത്തായി ഇരുന്ന അത്ഫ്ഫാലിനു പുറമേ 20 പേർ സഹായികളായി ഡ്യൂട്ടിയിലുമുണ്ടായിരുന്നു. സർക്കാരിന്റെ ഭാഗത്തുനിന്ന് നടപ്പിലാക്കിയ എല്ലാ നിർദേശങ്ങളും പാലിച്ചുകൊണ്ട് ക്ലാസിന്റെ തുടക്കത്തിൽത്തന്നെ അത്ഫ്ഫാലിനെ തങ്ങളുടെ സീറ്റിൽ ഇരുത്തുകയും സദാസമയവും സാമൂഹിക അകലം എന്നുള്ള നിർദേശം പാലിച്ചുകൊണ്ടിരിക്കുകയും ചെയ്തു.ഇതേ പ്രകാരം ക്ലാസ് അവസാനിച്ചപ്പോൾ സൂക്ഷ്മതയോടുകൂടി ഓരോ ത്വിഫ്‌ലിനേയും ഹാളിൽനിന്ന് പുറത്ത് വിടുകയും ചെയ്തു.

ഈ ക്ലാസ്സ് ഹുദൂർ തിരുമനസ്സിന്റെ പുഞ്ചിരിയും സ്നേഹവുംകൊണ്ട് നിറഞ്ഞതായിരുന്നു. ഞങ്ങൾ തികച്ചും ഒരു മണിക്കൂർ ഹുദൂർ തിരുമനസ്സിന്റെ അനുഗൃഹീത സഹവാസത്തിൽ കഴിച്ചുകൂട്ടി. ഹുദൂർ തിരുമനസ്സ് ഇത്രയും സമയം ഞങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കുകയും ഞങ്ങളുടെ ഇടയിൽ നിൽക്കുകയും ചെയ്തത് ഞങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം സന്തോഷത്തിനും ബഹുമതിക്കും കാരണമായി. ക്ലാസ് തുടങ്ങുന്നതിനു മുമ്പേയുള്ള സമയമെന്ന് പറയുന്നത്, കാത്തിരിപ്പിലും പ്രതീക്ഷയിലും സമയം പോകാത്തതായിരുന്നു. എന്നാൽ, ക്ലാസ് തുടങ്ങിയപ്പോൾ ഇമയ്ക്കുന്ന നേരംകൊണ്ട് ഒരു മണിക്കൂർ കടന്നുപോയി. ഈ ക്ലാസ്സ് കുറച്ചുകൂടി നീണ്ടുപോയിരുന്നെങ്കിലെന്ന് എല്ലാവരും ആഗ്രഹിച്ചു. എന്നാൽ, ഏതൊരു സമയമാണോ ഞങ്ങൾക്ക് ലഭ്യമായത് അതിന് അല്ലാഹുവിന് ലക്ഷോപിലക്ഷം നന്ദി!

ക്ലാസിനിടയിൽ ഖുർആൻ പാരായണവും പദ്യവും കഴിഞ്ഞതിനുശേഷം അത്ഫ്ഫാൽ തങ്ങളുടെ പ്രിയങ്കരനായ യജമാനരോട് ചോദ്യം ചോദിച്ചുകൊണ്ട് പലകാര്യങ്ങളെക്കുറിച്ചും മാർഗനിർദേശം കരസ്ഥമാക്കി.

ക്ലാസിനുശേഷം അവരുടെ മുഖത്തുനിന്ന് സന്തോഷം തുളുമ്പുന്നുണ്ടായിരുന്നു. ഹുദൂർ തിരുമനസ്സ് ഞങ്ങളുടെയിടയിൽ ഉള്ളതായാണ് ഞങ്ങൾക്ക് അനുഭവപ്പെട്ടതെന്ന് എല്ലാവരും പറഞ്ഞു. ലോകത്തു നിലവിലുള്ള അവസ്ഥ കാരണമായി യാത്രയ്ക്ക് വിലക്കുണ്ടെങ്കിലും ഞങ്ങൾക്ക് ഹുദൂറുമൊത്ത് കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം ലഭിച്ചുവെന്നതിൽ ഞങ്ങൾ അല്ലാഹുവിന് നന്ദി പ്രകാശിപ്പിക്കുന്നു. ഞങ്ങൾ ഖിലാഫത്തെന്ന അതിമഹത്തായ അനുഗ്രഹത്തിന് എത്ര നന്ദി കാണിച്ചാലും കുറവായിരിക്കും. ഖിലാഫത്ത് എല്ലാ നിമിഷവും നമ്മുടെ പരിചയായിക്കൊണ്ട് നമ്മുടെ സംരക്ഷണത്തിനുള്ള കാര്യങ്ങൾ ഒരുക്കിത്തരുന്നു. അതുമായി ബന്ധം സ്ഥാപിക്കുമ്പോൾ മാത്രമേ യഥാർഥ ജീവിതം കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ.

**പങ്കടുത്തവരുടെ അഭിപ്രായങ്ങൾ**

ഈ ക്ലാസ്സിൽ പങ്കെടുത്ത അത്ഫ്ഫാൽ ഏതൊരു വികാരമാണോ പ്രകടിപ്പിച്ചത് അതിൽ ചിലത് താഴെ കൊടുക്കുന്നു.

- സൽമാൻ കാഹിലൂൺ പറയുന്നു: 'എനിക്ക് ചോദ്യം ചോദിക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ, ഹുദൂറിന്റെ മുമ്പിൽ ഇരിക്കാൻ കഴിയുക എന്നതുതന്നെ എന്നെ സംബന്ധിച്ചിടത്തോളം ഒരു സ്വപ്നം പുലർന്നതുപോലെയാണ്. അല്ലാഹു ഹുദൂർ തിരുമനസ്സിന് ആരോഗ്യത്തോടുകൂടിയ ദീർഘായുസ്സ് പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.'
- ഇൻതിസ്വാർ നസ്വ്റുല്ലാഹ് പറഞ്ഞു: എന്റെ ക്ലാസിനുവേണ്ടി ഹുദൂർ തിരുമനസ്സ് സമയം നീക്കിവെക്കുകയും ഞങ്ങളെ അഭിസംബോധന ചെയ്യുകയും ചെയ്യുക എന്ന കാര്യം വിശ്വസിക്കാൻ കഴിയുന്നില്ല. ഹുദൂർ തിരുമനസ്സ് ഞങ്ങളുടെയിടയിൽ ഇല്ലെങ്കിലും ഞാൻ കാലത്തിന്റെ ഇമാമിന്റെ അടുത്താണെന്ന തോന്നലാണ് ഉണ്ടായിരുന്നത്. എനിക്ക് ഹുദൂർ തിരുമനസ്സിനോട് ചോദ്യം ചോദിക്കാൻ അവസരം കിട്ടിയെന്നതിൽ ഞാൻ എന്നെ ഭാഗ്യവാനായി കരുതുന്നു.'
- നൂർ ഗാലിബ്അഹ്മദ്പറയുന്നു: 'ഞാൻ ഈ ചരിത്രപരമായ ക്ലാസ്സിന്റെ ഭാഗമായിയെന്നതിൽ ഭാഗ്യവാനാണ്. ഞാൻ ഹുദൂറിനെ കണ്ടപ്പോൾ എന്റെ കണ്ണ് (ഹുദൂറിന്റെ പ്രകാശംകൊണ്ട്)തിളക്കമുള്ളതായി. ഞാൻ ഹുദൂറിനെ ആശ്ലേഷിക്കാൻ ആഗ്രഹിച്ചു. പക്ഷേ, ഈ മഹാമാരി കാരണം ഇപ്പോൾ സാധ്യമല്ല. അവസാനം എന്റെ ഓപ്പൺ ഹാർട്ട് സർജറിക്കുവേണ്ടി ദുആക്ക് പറയാൻ ഉദ്ദേശിച്ചതായിരുന്നു. പക്ഷേ, സമയം അവസാനിച്ചതുകൊണ്ട് അതു പറയാൻ സാധിച്ചില്ല.'
- അത്വാഉൽ ഹയ്യ് പറയുന്നു: 'എനിക്ക് ഈ ക്ലാസ്സിൽ പങ്കെടുക്കാൻ അവസരം കിട്ടിയതിൽ ഞാൻ അങ്ങേയറ്റം സന്തോഷവാനാണ്. ഇനിയും ഇതുപോലെയുള്ള പരിപാടികൾ ഉണ്ടാകണം.'
- സഫീർ അഹ്മദ്അലി മിർസ തന്റെ വികാരം ഇപ്രകാരം പ്രകടിപ്പിച്ചു: 'ഒരു സ്വപ്നം പുലർന്നതു പോലെയാണ് ഈ പരിപാടി. ഹുദൂറിനോടൊപ്പം ഈ ക്ലാസ്സിൽ പങ്കെടുക്കണമെന്ന് ഞാൻ എപ്പോഴും ആഗ്രഹിച്ചിരുന്നു. എനിക്ക് ഹുദൂറിന്റെ സാനിധ്യത്തിൽ പദ്യം ചൊല്ലാനുള്ള അവസരം കിട്ടിയത് ഇപ്പോഴും വിശ്വസിക്കാൻ കഴിയുന്നില്ല. ഇത് സാധിപ്പിച്ചുതന്ന ഓഠഅ ടീമിനെ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.'

മാതാപിതാക്കളിൽ നിന്ന് ലഭിച്ച ചില അഭിപ്രായങ്ങൾ താഴെ ചേർക്കുന്നു.

- ബഹുമാനപെട്ട ഫഹ്മീദ മുസഫ്ഫർ സാഹിബ പറയുന്നു: എന്റെ മകന് ഈ ചരിത്രപ്രധാനമായ പരിപാടിയിൽ പങ്കെടുക്കാനുള്ള അവസരം കിട്ടിയതിൽ ഞാൻ അങ്ങേയറ്റം സന്തോഷിക്കുന്നു. ഈ പരിപാടിയുടെ വിജയത്തിനുവേണ്ടി പ്രവൃത്തിച്ച സംഘാടകരുടെ പരിശ്രമത്തിന് നന്ദി പറയുന്നു. ജസാക്കുമുല്ലാഹു അഹ്സനുൽ ജസാ.(അല്ലാഹു അവർക്ക് തക്കതായ പ്രതിഫലം നൽകുമാറാകട്ടെ).
- ബഹുമാനപെട്ട ഇഅ്ജാസ് ഖാൻ സാഹിബും അമത്തുൽ ഖുദ്ദൂസ് സാഹിബയും പറയുന്നു: 'ഏതോ ഒരു സ്വപ്നം പുലർന്നതുപോലെയാണ് ഞങ്ങൾക്ക് തോന്നിയത്. ഞങ്ങളുടെ മകന് ഈ വർഷം ഡഗ ട്രിപ്പിൽ പോകാൻ സാധിച്ചില്ല. എന്നാൽ, ഈ ക്ലാസ്സുമുഖേന അവനു ഹുദൂറിന്റെ സന്നിധിയിൽ ഹാജരാകാനും ഹുദൂറുമായി സംസാരിക്കാനുമുള്ള അവസരം ലഭിച്ചു. അൽഹംദുലില്ലാഹ്.'
- ബഹുമാനപെട്ട ഥനാഅ് സാഹിബ പറയുന്നു: 'എന്റെ മകന് ഈ ക്ലാസ്സിൽ പങ്കെടുക്കാനുള്ള ഭാഗ്യം സിദ്ധിച്ചുവെന്നത് അല്ലാഹുവിന്റെ അപാരമായ ഔദാര്യമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഞാൻ വളരെയധികം സന്തോഷിക്കുകയും വികാരഭരിതയായിരിക്കുകയും ചെയ്തിരിക്കുന്നു. ഈ മഹാമാരി പെട്ടെന്നു അവസാനിച്ചു കുട്ടികൾക്കു ഹുദൂർ തിരുമനസ്സിന്റെ സന്നിധിയിൽ നേരിട്ട് പങ്കെടുക്കാനുള്ള അവസരമുണ്ടാവുകയും അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കുന്നവരായി മാറുകയും ചെയ്യട്ടെയെന്ന് ദുആ ചെയ്യുന്നു.'
- ബഹുമാനപെട്ട അത്വാഉൽ ഖുദ്ദൂസ് സാഹിബ് പറയുന്നു: 'ഈ ക്ലാസിനുശേഷം എന്റെ മകൻ ജമാഅത്തിന്റെ സേവനത്തിന് എപ്പോഴും മുന്നോട്ടു ചുവടുവെച്ചുകൊണ്ടിരിക്കുന്നു. അവൻ വികാരഭരിതനായിരിക്കുകയാണ്; അവന്റെ ഉള്ളിൽ പുതിയ ആത്മാവ് വന്നതുപോലെ.'
- ബഹുമാനപെട്ട അമത്തുൽ ഹഫീള് മിർസാ സഹിബ പറയുന്നു: 'ഞങ്ങൾ അല്ലാഹുവിനു അങ്ങേയറ്റം നന്ദിയുള്ളവരാണ്. അൽഹംദുലില്ലാഹ്! ഞങ്ങൾ സന്തോഷവാന്മാരും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അനുഭവിക്കുകയും ചെയ്യുന്നവരാണ്. എന്റെ മകൻ ഈ പ്രത്യേക പരിപാടിയിൽ പങ്കെടുത്തതിന്റെ ഫലമായി ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളെ സ്വരൂപിച്ചുകൊണ്ടിരിക്കുകയാണ്.'

മജ്‌ലിസ് അത്ഫ്ഫാലുൽ അഹ്മദിയ്യായുടെയും ഖുദ്ദാമുൽ അഹ്മദിയ്യായുടെയും നാഷണൽ ആമില മെമ്പർമാരിൽനിന്നും ക്ലാസ്സിന്റെ നടത്തിപ്പിന് ഡ്യൂട്ടി നിർവഹിച്ചവരിൽനിന്നും അഭിപ്രായങ്ങൾ ലഭിച്ചു കൊണ്ടിരുന്നു. അത് താഴെ

ശേഷം പേജ് 12 ൽ

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

**2019 ഒക്ടോബർ 7 തിങ്കളാഴ്ച**
(ബദ്ർ വാല്യം 6 ലക്കം 37 പേജ് 12–ൽനിന്ന് തുടർച്ച.....)

### നിക്കാഹ് വിളംബരം

ഹുദൂർ അയ്യദഹുല്ലാഹ് സുന്നത്താക്കപ്പെട്ട നിക്കാഹ് ഖുത്ബയ്ക്കുശേഷം പറഞ്ഞു: ഞാൻ കുറച്ച് നിക്കാഹ് വിളംബരം നടത്തുന്നതാണ്.

അഹ്മദ് അസ്ലം സാഹിബ്(ബെൽജിയം)ന്റെ മകൾ അസീസ സഹ്റ കൻവലിന്റെ നിക്കാഹ് നദീം അബ്ബാസ് ബാജ്വാ(ബെൽജിയം)സാഹിബിന്റെ മകൻ അസീസം ഖാസിം അബ്ബാസുമായും

നസ്വീർ അഹ്മദ് സാഹിബിന്റെ(ജർമനി) മകൾ അസീസ ദാനിയ നസ്വീറിന്റെ നിക്കാഹ് ദുൽഫിഖാർ അലി സാഹിബിന്റെ(ഫ്രാൻസ്)മകൻ അസീസം ഇഹ്തിശാം അഹ്മദുമായും

ഖാലിദ് മസ്ഊദ് സാഹിബ്(ജർമനി)ന്റെ മകൾ അസീസ ശഹ്രീൻ ഖാലിദിന്റെ നിക്കാഹ് അനസ് അഹ്മദ് സാഹിബിന്റെ(ഫ്രാൻസ്)മകൻ അസീസം അനിൽ അഹ്മദ് അനസുമായും വിളംബരം ചെയ്തു.

നിക്കാഹുകളുടെ വിളംബരത്തിനുശേഷം ഹുദൂർ പറഞ്ഞു: അല്ലാഹു ഈ ബന്ധങ്ങൾ എല്ലാ വിധത്തിലും അനുഗൃഹീതമാക്കാൻ ദുആ ചെയ്യുക. ഹുദൂർ ദുആ ചെയ്യിച്ചു.

### 2019 ഒക്ടോബർ 08, ചൊവ്വാഴ്ച

06.45ന് രാവിലെ ഹുദൂർ അൻവർ മസ്ജിദ് മുബാറക്കിലെത്തി ഫജ്ർ നമസ്കാരത്തിന് നേതൃത്വം നല്കി.

### കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച

രാവിലെ 11.45-ന് ഹുദൂർ മസ്ജിദ് മുബാറക്കിൽ കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചയ്ക്ക് തുടക്കം കുറിച്ചു. അറേബ്യൻ ദേശത്തുനിന്നു വന്ന 3 കുടുംബങ്ങളിൽനിന്നുള്ള 26 അംഗങ്ങളാണ് ഹുദൂറുമായി ആദ്യം കൂടിക്കാഴ്ച നടത്തിയത്.

അബ്ദുൽഗനി ബെലാർബി(Belarbi) സാഹിബിന്റെ നേതൃത്വത്തിലുള്ള കുടുംബമായിരുന്നു ഇതിലെ ഏറ്റവും വലുത്. അവർ അൾജീരിയയിൽനിന്നു വന്നതാണ്. അഹ്മദിയായ കാരണത്താൽ അൾജീരിയായിൽ ഇദ്ദേഹത്തിനെതിരിൽ കേസുകളുണ്ടായി. ശിക്ഷിക്കപ്പെടുകയും ചെയ്തു. അദ്ദേഹം വളരെ ധൈര്യത്തോടെ ഈ കേസുകളെ നേരിട്ടു. അദ്ദേഹം പറയുന്നു: പിതാവ് ഒരു സ്വപ്നം കണ്ടിരുന്നു. അദ്ദേഹം തന്റെ ഗ്രാമത്തിൽ തനിച്ചാണ്. അനഹ്മദി കുടുംബാംഗങ്ങളെ ഉപേക്ഷിച്ചു പോരുന്നു. ഹുദൂർ അൻവർ സ്വപ്നത്തിൽ വന്ന് പറയുന്നു: ചിന്താകുലനാകേണ്ട. അല്ലാഹു ഈ അവസ്ഥകൾ പെട്ടെന്ന് നീക്കുകന്നതാണ്.

അബ്ദുൽഗനി സാഹിബിന്റെ മാതാവും ഈ കൂടിക്കാഴ്ചയിൽ ഒപ്പമുണ്ടായിരുന്നു. അവർ പറയുന്നു: എന്റെ ആൺപെൺ മക്കളുടെമേൽ അഹ്മദിയ്യത്ത് കാരണത്താൽ അൾജീരിയായിൽ പോലീസ് കേസുണ്ടായിരുന്നു. അവർക്ക് നാല് വർഷത്തെ ജയിൽ ശിക്ഷയാണ് നല്കിയത്. എന്താണോ അവർക്ക് വിധിച്ചിട്ടുള്ളത് അതുണ്ടാകുമെന്നാണ് ഞാൻ പറയാനാഗ്രഹിക്കുന്നത്. അല്ലാഹു അവരെ ജമാഅത്തിനോടും ഖിലാഫത്തിനോടും കൂറുള്ളവരാക്കുമാറാകട്ടെ എന്നു മാത്രമാണ് എനിക്ക് ഹുദൂറിനോടു ദുആക്ക് അപേക്ഷിക്കാനുള്ളത്. എന്നെന്നും ഇവർ ഖിലാഫത്തുമായി ഒട്ടിപ്പിടിച്ചു നില്ക്കുമാറാകട്ടെ.

ഹുദൂർ അൻവർ: നിങ്ങൾ വിഷമിക്കേണ്ട. നിങ്ങളുടെ മക്കൾ ജമാഅത്തിനോടു കൂറുള്ളവരാണെന്ന് എനിക്കറിയാം.

ഇതു കേട്ടപ്പോൾ കുട്ടികളുടെ മാതാവ് വളരെയധികം സന്തോഷവതിയും സംതൃപ്തയായും കാണപ്പെട്ടു.

ശേഷം ഹുദൂർ ഓഫീസിലേക്ക് വന്നു. അവിടെ മറ്റു കുടുംബാംഗങ്ങളും ചില വ്യക്തികളും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി സായൂജ്യരായി.

ഇന്ന് രാവിലെ നടന്ന ഈ സെഷനിൽ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്തിയത് 103 പേരാണ്. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കൊച്ചു കുട്ടികൾക്ക് ഹുദൂർ ചോക്ലേറ്റും നല്കി. കൂടിക്കാഴ്ചകളുടെ ഈ പരിപാടി 02.00 മണി വരെ നീണ്ടു നിന്നു. ശേഷം മസ്ജിദ് മുബാറക്കിലെത്തിയ ഹുദൂർ ളുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു.

### ചില പരിപാടികൾ

ഹുദൂറിന്റെ ബഹുമാനാർഥം യു. എൻ. ഓ യുടെ ഒരു സഹസ്ഥാപനമായ യുനസ്കോയുടെ കേന്ദ്ര ഓഫീസിലെ ഒരു ഹാളിൽ ഒരു പരിപാടി സംഘടിപ്പിക്കപ്പെട്ടു. മാലി രാജ്യത്തിന്റെ അംബാസഡർ മുഖേന യുനസ്കോയുടെ ഭാഗത്തുനിന്നുമാണ് ഈ പരിപാടി സംഘടിപ്പിച്ചത്. ഇതിന്നു മുമ്പേ ഹുദൂർ അൻവർ ബ്രിട്ടീഷ് പാർലമെന്റ്, ക്യാപിറ്റൽ ഹിൽ, ന്യൂസിലന്റ് പാർലമെന്റ്, ഡച്ച് പാർലമെന്റ് തുടങ്ങിയ സുപ്രധാന സ്ഥലങ്ങളില് ഹുദൂറിനെ ആദരിക്കുന്നതിന് പരിപാടികൾ സംഘടിപ്പിച്ചിരുന്നു.ഹുദൂർ ഈ സ്ഥലങ്ങളിൽ പ്രസംഗിക്കുകയും ചെയ്തിരുന്നു.

യൂറോപ്യൻ രാജ്യങ്ങളുടെ സംയുക്ത കേന്ദ്രമായ യൂറോപ്യൻ പാർലമെന്റിലും ഹുദൂറിന്റെ ആദരാർഥം പരിപാടി സംഘടിപ്പിക്കപ്പെട്ടിരുന്നു. ഹുദൂർ തന്റെ പ്രഭാഷണം നല്കി അവരെ അനുഗ്രഹിക്കുകയും ചെയ്തു.

ഇന്നത്തെ ദിവസം ഒരു ചരിത്രപരമായ ദിവസമാണ്. അന്തർദേശീയ സ്ഥാപനമായ ലോകരാജ്യങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്ന യുനസ്കോ ഹുദൂറിനെ ആദരിക്കുന്നതിനുവേണ്ടി ഒരു പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. ഖലീഫത്തുൽമസീഹ് പ്രഭാഷണം നടത്തുന്ന ആദ്യത്തെ അന്തർദേശീയ സ്ഥാപനമാണ് യുനസ്കോ. ഇൻശാഅല്ലാഹ് ഇവിടെനിന്ന് ഇനി അതിമഹത്തായ വിജയങ്ങളുടേയും വിപ്ലവങ്ങളുടേയും വാതായനങ്ങൾ തുറക്കപ്പെടുന്നതാണ്.

3.30-ന് ഹുദൂർ ഈ പരിപാടിയിൽ സംബന്ധിക്കുന്നതിന് പുറപ്പെട്ടു. പാരീസ് നഗരത്തിന്റെ മധ്യഭാഗത്താണ് യുനസ്കോ ആസ്ഥാനം സ്ഥിതി ചെയ്യുന്നത്. 04.15-ന് പുൾമാൻ(Pullman) ഹോട്ടലിലെ ത്തിയ ഹുദൂർ അൻവർ അല്പ സമയം ചില അതിഥികളുമായുള്ള കൂടിക്കാഴ്ചക്ക് ഇവിടെ തങ്ങി.

### ഫ്രഞ്ച് മുസ്ലിം കൗൺസിൽ വൈസ് പ്രസിഡന്റ് ഹുദൂറിനെ കാണുന്നു

ഫ്രഞ്ച് മുസ്ലിം കൗൺസിൽ വൈസ് പ്രസിഡന്റ് മിസ്റ്റർ അനൗഅർ കിബിബെക്ക്(Mr.Anouar Kbibech) 4.30-ന് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഫ്രഞ്ച് മുസ്ലിം വ്യക്തിത്വമായ ഇദ്ദേഹം മൊറോക്കൻ സ്വദേശിയാണ്. ഇദ്ദേഹം മുമ്പേ മുസ്ലിം യൂണിയൻ പ്രസിഡന്റ് എന്ന് നിലയിലും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹം പറയുന്നു:

ഫ്രാൻസ് മുസ്ലിമീങ്ങളുടെ ഭാഗത്തു നിന്നു ഞാൻ ഹുദൂറിന് സ്വാഗതമോതുന്നു. രണ്ടുവർഷം മുമ്പേ ഞാൻ മുസ്ലിം യൂണിയൻ പ്രസിഡന്റായിരുന്നു. ഇപ്പോൾ വൈസ് പ്രസിഡന്റാണ്.

ഹുദൂർ ചോദിച്ചപ്പോൾ വൈസ് പ്രസിഡന്റ് പറഞ്ഞു: ഫ്രാൻസിലെ 66 മില്യൺ ജനസംഖ്യയിൽ 5 മില്യൺ മുസ്ലിമീങ്ങളാണ്. ഇപ്പോൾ ഫ്രാൻസിൽ 2500 മസ്ജിദുകളുണ്ട്. ഇതെല്ലാം ഫ്രാൻസിലെ മുസ് ലിം കൗൺസിലിന്നു കീഴിൽ രജിസ്റ്റേർഡാണ്. നമുക്ക് ഇമാമുമാരുടെ ആവശ്യമുണ്ട്. ഇമാമുമാർക്ക് ട്രെയിനിംഗ് കൊടുക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അവരെ പഠിപ്പിക്കാനാഗ്രഹിക്കുന്നു. ഇത് ഞങ്ങൾക്ക് ഇപ്പോൾ പ്രശ്നമായിട്ടുണ്ട്.

ഹുദൂർ അൻവർ:ഏകദേശം 1926ൽ ഇവിടെ പാരീസിൽ ഒരു മസ്ജിദ് നിർമിച്ചിരുന്നു. വലിയ മസ്ജിദായിരുന്നു. ഇവിടുത്തെ ആദ്യ മസ്ജിദായിരുന്നു ഇത്. നിങ്ങൾ സ്വന്തം ഇമാമുമാർക്ക് എങ്ങനെയാണ് ട്രെയിനിംഗ് കൊടുക്കുന്നത്?

വൈസ് പ്രസിഡന്റ്: നമ്മുടെ കൈയിൽ 8 ഇൻസ്റ്റിട്യൂട്ടുണ്ട്. ഇതിൽ ഇമാമുമാർക്ക് ട്രെയിനിംഗ് കൊടുക്കുന്നു. ഒരു വർഷത്തിൽ ഞങ്ങൾക്ക് 150 ഇമാമുമാരെ തയ്യാറാക്കേണ്ടതുണ്ട്. ഓരോ വർഷവും 1500 ഇമാമുമാരുടെ ആവശ്യം വരുന്നുണ്ട്. 200 മുതൽ 300 ലധികം മസ്ജിദുകൾ ഇപ്പോൾ നിർ മാണത്തിലാണ്.

ഹുദൂർ അൻവർ:മസ്ജിദുകളുടെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് 2500 ഇമാമുമാരുടെ ആവശ്യം നേരിടുന്നു. നിങ്ങൾക്കു ഇത്രയും ഇമാമുമാർ ഇപ്പോളില്ലേ?

വൈസ് പ്രസിഡന്റ്: നമുക്ക് മുഴുവൻ സമയവും നല്കുന്ന ഇമാമില്ല. എല്ലാവരും താൽക്കാലികമാണ്. കുറച്ചു സമയം ജോലി ചെയ്യുന്നു. പോകുന്നു. അവർക്ക് ട്രെയിനിംഗും പൂർണമായിട്ടില്ല. മൂന്നു നാല് വർഷ സമയമാണ് ട്രെയിനിംഗ് കാലമായി നിശ്ചയിച്ചിട്ടുള്ളത്. ഇങ്ങനെ വരുന്ന ഇമാമുമാർ ട്രെയിനിംഗ് പൂർത്തിയാക്കാറില്ല. കാലപരിധിക്കു മുമ്പേതന്നെ പുറത്തേക്ക് വരുന്നു. ചിലർ പൂർത്തിയാക്കുന്നുണ്ട്. അധികപേരും 2 വർഷം കഴിയുമ്പോൾ പുറത്തേക്ക് വരുന്നു.

അദ്ദേഹം തുടർന്നു: ഈ ആവശ്യങ്ങൾ പൂർത്തിയാക്കാൻ വേണ്ടി അൾജീരിയാ, മൊറോക്കോ, തുർക്കി തുടങ്ങിയ രാജ്യങ്ങളിൽനിന്നു ഇമാമുമാരെ കൊണ്ടുവരുന്നു. അവർക്ക് ഭരണകൂടത്തിന്റെ ഭാഗത്തു നിന്നു 4 വർഷത്തെ പ്രവർത്തനാനുമതി ലഭിക്കുന്നു. പിന്നീട് മടങ്ങി പോകേണ്ടി വരുന്നു.പാരീസ് സംഭവത്തിനുശേഷം ഇസ്ലാമോഫോബിയ വളരെ വർധിച്ചിരിക്കുന്നു.

ഹുദൂർ അൻവർ:ഇതിനെ പ്രതിരോധിക്കാൻ നിങ്ങളെന്തു ശ്രമമാണ് നടത്തിയത?

വൈസ് പ്രസിഡന്റ്:ഇസ് ലിമിന് ഇതുമായി ഒരുവിധ ബന്ധവുമില്ലെന്ന് ഞങ്ങൾ പറയാൻ ശ്രമിക്കുന്നു. ഇസ്ലാംഭീകരവാദത്തിനെതിരാണ്. ഇസ്ലാമിന്റെ നല്ല അധ്യാപനങ്ങൾ പറഞ്ഞു കൊടുക്കുന്നു.

ഹുദൂർ അൻവർ:ജിഹാദിന് നിങ്ങൾ കൊടുക്കുന്ന വ്യഖ്യാനമെന്താണ്?

വൈസ് പ്രസിഡന്റ്:ഏറ്റവും വലിയ ജിഹാദ് സ്വാത്മാവിനോടുള്ള ജിഹാദാണ്.

ഹുദൂർ അൻവർ:നിങ്ങൾ ഇതിൽ ഉറച്ചു നില്ക്കുകയും മുസ്ലിമീങ്ങളും ഇതിൽഉറച്ചു നില്ക്കുകയും ചെയ്താൽ ജിഹാദിനെ കുറിച്ചുള്ള തെറ്റായ വീക്ഷണം നീങ്ങിപ്പോകുന്നതാണ്. ഇക്കാലഘട്ടം Lobbying ന്റേതാണ്. നിങ്ങൾ അതിന് എന്തുകൊണ്ട് ശ്രമിക്കുന്നില്ല. അവരോട് ജിഹാദിന്റെ ശരിയായ അധ്യാപനം പറയുക. അവരുടെ മനസ്സ് അത് മനസ്സിലാക്കുകയും. ഇസ്ലാമോഫോബിയ അവസാനിക്കുകയും ചെയ്യും.-

ശേഷം പേജ് 12 ൽ

പേജ് 5 ൽ നിന്ന്

കാൻ തീരുമാനിച്ചതായിരുന്നു. അതുകൊണ്ടുതന്നെ ഹദ്റത്ത് ഖാലിദ് ആ പട്ടണത്തെ നശിപ്പിക്കുന്നതിൽ കുറഞ്ഞ ഒന്നിനും തയ്യാറായിരുന്നില്ല. ഖിന്നിസ്രീൻകാർ തങ്ങളുടെ സ്വത്തും സമ്പത്തും കുടുംബങ്ങളുമെല്ലാം വിധിയുടെ കൈകളിൽ ഏല്പിച്ച് അൻത്വാക്കിയായിലേക്ക് കടന്നു കളഞ്ഞു. ഹദ്റത്ത് അബൂഉബയ്ദ ബിൻ ജർറാഹ്(റ) ഖിന്നിസ്രീനിലെത്തിയപ്പോൾ ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ ഈ തീരുമാനത്തെ നീതിക്കും ന്യായത്തിനും യോജിച്ചതെന്ന് മനസ്സിലാക്കുകയും ആ പട്ടണത്തിന്റെ കോട്ടയും അതിർത്തിയിലുണ്ടായിരുന്ന മതിലുകളും പൊളിക്കുകയും ചെയ്തു. അതിനുശേഷം നീതിയോടൊപ്പം കാരുണ്യത്തോടുംകൂടി വർത്തിക്കേണ്ടതുണ്ടെന്ന് അവർക്ക് തോന്നി. അതായത് ആദ്യം ചെയ്തത് നീതി ആയിരുന്നു. എന്നാൽ, ഇനി ശത്രുക്കളോട് മുസ്‌ലിമീങ്ങൾ ഔദാര്യവും കാണിക്കേണ്ടതുണ്ട്. തുടർന്നവർ ഔദാര്യമെന്നോണം പട്ടണവാസികളുടെ അപേക്ഷ മാനിച്ച് അവർക്ക് അഭയവും നൽകി. പട്ടണത്തിലെ ചർച്ചുകളും കെട്ടിടങ്ങളും വീതിച്ചുവെന്നും പറയപ്പെടുന്നുണ്ട്. പകുതി ഭാഗം മുസ്‌ലിമീങ്ങൾ കൈയടക്കുകയും പകുതി ഭാഗം അവർക്കുതന്നെ വിട്ടുകൊടുക്കുകയും ചെയ്തു. ഒരു നിവേദനത്തിലുള്ളത്, പട്ടണത്തിലെ കുറച്ച് ഭൂമി എടുത്ത് അവിടെ മസ്ജിദ് പണികഴിപ്പിച്ചുവെന്നും ബാക്കിയുള്ളതെല്ലാം പ്രദേശവാസികൾക്കുതന്നെ വിട്ടുകൊടുത്തു എന്നുമാണ്. അൻത്വാക്കിയയിലേക്ക് ഓടിപ്പോയവർ ജിസ്‌യ നല്കാൻ സമ്മതിച്ചുകൊണ്ട് തിരിച്ച് വരികയുണ്ടായി. മറ്റു അധിനിവിഷ്ട പ്രദേശങ്ങളിലെന്നപോലെ അവിടുത്തുകാരോട് മുസ്‌ലിമീങ്ങൾ നല്ല നിലയിൽ പെരുമാറി. ശക്തർ ദുർബലർക്കുമേൽ ഒരു തരത്തിലുള്ള അതിക്രമമോ സമ്മർദമോ ചെലുത്താൻ പാടില്ലെന്നുള്ള സമത്വ ദർശനങ്ങളുടെ അടിസ്ഥാനത്തിൽ അവർക്കിടയിൽ നീതി നടപ്പിൽ വരുത്തി.*(സയ്യിദുനാ ഉമർ ഫാറൂഖ് അഅ്ളം, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർജിം, പേജ് 333-339, ഇസ്‌ലാമി കുതുബുഖാന ലാഹോർ)(താരീഖ് അത്ത്വബരി, വാള്യം 2, പേജ് 445, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ) (മുഅ്ജമുൽ ബുൽദാൻ വാള്യം 2 പേജ് 238, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

അടുത്തത് ഖയ്സാരിയ്യ വിജയമാണ്. ഇതും ഹിജ്റ 15-ലാണ് നടന്നത്. ഖയ്സാരിയ്യ, സിറിയയുടെ കടലോര നഗരമാണ്. ത്വബരിയിൽനിന്നു അവിടേക്ക് മൂന്ന് ദിവസത്തെ യാത്രാദൂരമുണ്ട്. ഈ യുദ്ധം എപ്പോഴാണ് നടന്നതെന്നതിനെ കുറിച്ച് വ്യത്യസ്ത നിവേദനങ്ങളുണ്ട്. ഒന്ന് ഹിജ്റ 15 ൽ തന്നെയാണ് നടന്നതെന്നാണ്. രണ്ടാമത്തേത് ഹിജ്റ 16 ലാണെന്നും മൂന്നാമത്തേത് ഹിജ്റ 19 ലാണെന്നും നാലാമത്തേത് ഹിജ്റ 20 ലാണെന്നുമാണ്. *(താരീഖ് ത്വബരി, വാള്യം 2, പേജ് 511, ഹിജ്റ 19, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1987)(മുഅ്ജമുൽബുൽദാൻ വാള്യം 2, പേജ് 238, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്*

എന്തായാലും ഹദ്റത്ത് അബൂഉബയ്ദ(റ) റോമിന്റെ വടക്കുഭാഗത്ത് യുദ്ധവിജയം നേടുമ്പോൾ ഹദ്റത്ത് അംറ് ബിൻ ആസ്വും ഹദ്റത്ത് ശുറഹ്ബീൽ ബിൻ ഹസ്നയും ഫലസ്തീനിൽ ഒരുമിച്ചുകൂടിയ റോമൻ സൈന്യങ്ങളുമായി ഏറ്റുമുട്ടുകയും അവരെ പരാജയപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുകയായിരുന്നു. എന്നാൽ, അത് അത്ര എളുപ്പമായിരുന്നില്ല. ഈ സൈന്യങ്ങൾ വലിയ അംഗബലമു ള്ളതും യുദ്ധ സാമഗ്രികളുടെ അടിസ്ഥാനത്തിൽ അതിശക്തവുമായിരുന്നു. അവയുടെ പടനായകത്വം റോമിലെ ഏറ്റവും വലിയ സൈന്യാധിപനായ അത്ത്വർബൂൻ ആയിരുന്നു നിർവഹിച്ചിരുന്നത്. അയാളുടെ ദീർഘ വീക്ഷണവും യുദ്ധ നൈപുണ്യവും കാരണം ആ രാജ്യത്ത് അയാൾക്ക് പ്രതിയോഗിയായി ആരുമുണ്ടായിരുന്നില്ല. സൈന്യത്തെ വിവിധ സ്ഥാനങ്ങളിൽ വിന്യസിക്കാനും അധികാരത്തിന്റെ കടിഞ്ഞാൺ തന്റെ മാത്രം കൈകളിൽ ഒതുക്കാനും അയാൾ തീരുമാനിച്ചു. അയാളുടെ സൈന്യത്തിന്റെ ചില ഭാഗങ്ങളുടെമേൽ അറബികൾക്ക് ആധിപത്യം ലഭിച്ചാലും ബാക്കിയുള്ള ഭാഗങ്ങൾക്ക് അതിന്റെ സ്വാധീനം ഉണ്ടാകരുതെന്ന് അയാൾ കരുതി. അങ്ങനെ അയാൾ റംലയിലും അതുപോലെ ഈലിയായിലും ഒരു വമ്പിച്ച സൈന്യത്തെ നിശ്ചയിക്കുകയും അതിനെ പിന്തുണക്കാനായി സബസ്ത്വിയ, നാബുൽസ്, ലുദ്ദു,യാഫാ എന്നിവിടങ്ങളിൽ സൈന്യങ്ങളെ നിറുത്തുകയും ചെയ്തു. അതിനുശേഷം അറബികളുടെ വരവിനായി കാത്തിരുന്നു. അറബികൾക്കുമേൽ ആധിപത്യം നേടാനും അവരുടെ ശക്തികളെ ഛിന്നഭിന്നമാക്കാനും തനിക്ക് ശേഷിയും ശേമുഷിയുമുണ്ടെന്ന് അയാൾ ഉറപ്പിച്ചു. ഹദ്റത്ത് അംറ് ബിൻ ആസ്വ് സാഹചര്യത്തിന്റെ ഗൗരവത്തെ മനസ്സിലാക്കി. അദ്ദേഹം കരുതി മുഴുവൻ സൈന്യവുമായി അത്ത്വർബൂനിനെ നേരിടാൻ അണിനിരന്നാൽ റോമൻ സൈന്യങ്ങൾ ഒത്തുചേരുകയും അവർക്കുമേൽ വിജയം നേടുക സാധ്യമല്ലാതായിത്തീരുകയും ചെയ്യുന്നതാണ്. റോമക്കാർ നമ്മെ പരാജയപ്പെടുത്തി എന്നും വരാം. അതുകൊണ്ട് അദ്ദേഹം ഹദ്റത്ത് ഉമറിന് കത്തെഴുതി. അപ്പോൾ ഹദ്റത്ത് ഉമർ(റ) സമുദ്ര മാർഗേണ അത്ത്വർബൂനിന് സഹായമെത്തുന്നത് തടയുന്നതിന് ഖയ്സാരിയ്യ ജയിച്ചടക്കാൻ താങ്കളുടെ സഹോദരൻ മുആവിയയെ അയക്കണമെന്ന് യസീദ് ബിൻ അബൂസുഫിയാന് ഉത്തരവ് നൽകി. ഹദ്റത്ത് ഉമർ(റ), അമീർ മുആവിയായുടെപേരിൽ കത്തെഴുതി. ഞാൻ താങ്കളെ ഖയ്സാരിയ്യയുടെ അമീർ ആക്കിയിരിക്കുന്നു. അവിടേക്ക് പോകുക. ശത്രുക്കൾക്കെതിരെ അല്ലാഹുവിൽ നിന്ന് സഹായം തേടുക. **ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹിൽഅലിയ്യിൽ അളീം** എന്ന ദുആയും അല്ലാഹു **റബ്ബുനാ വ ഥിഖതുനാ വ റജാഉനാ വ മൗലാനാ നിഅ്മൽമൗലാ വ നിഅ്മന്നസ്വീർ** എന്ന ദുആയും ധാരാളമായി ചൊല്ലാനും പറഞ്ഞു. അതായത് പാപങ്ങളിൽനിന്ന് രക്ഷ നേടാനുള്ള ശക്തിയും നന്മ ചെയ്യാനുള്ള കഴിവും അല്ലാഹുവിനു മാത്രമേ ഉള്ളൂ. അവൻ അത്യുന്നതനും മഹത്ത്വമുടയവനും ആകുന്നു. അല്ലാഹു നമ്മുടെ നാഥനാകുന്നു. നമ്മുടെ വിശ്വാസവും പ്രതീക്ഷയും അവനിൽ മാത്രമാണ്. അവൻ നമ്മുടെ സംരക്ഷകനുമാണ്. എത്ര നല്ല സംരക്ഷകനും എത്ര നല്ല സഹായിയുമാണവൻ.

ഖയ്സാരിയ്യയിൽ ആദ്യമായി അംറ് ബിൻ ആസ്വ് ഹിജ്റ 13-ൽ യുദ്ധമുന്നേറ്റം നടത്തുകയും നീണ്ടകാലത്തേക്ക് അതിനെ ഉപരോധിക്കുകയും ചെയ്തുവെങ്കിലും വിജയിക്കാൻ സാധിച്ചില്ലെന്ന് അൽഫാറൂഖിൽ എഴുതിയിട്ടുണ്ട്. അബൂഉബയ്ദയുടെ വഫാത്തിനുശേഷം തൽസ്ഥാനത്ത് യസീദ് ബിൻ അബീ സുഫിയാനെ നിശ്ചയിക്കുകയും ഖയ്സാരിയ്യ ദൗത്യത്തിന് പോകാൻ കൽപിക്കുകയും ചെയ്തു. അദ്ദേഹം 17 ആയിരം പേരടങ്ങുന്ന സംഘവുമായി പുറപ്പെട്ടു. ആ പട്ടണത്തെ ഉപരോധിക്കുയും ചെയ്തു. ഹിജ്റ 18 ൽ അദ്ദേഹം രോഗബാധിതനാവുകയും തന്റെ സ്ഥാനത്ത് സ്വസഹോദരൻ അമീർ മുആവിയയെ നിശ്ചയിച്ച് ഡമാസ്കസിലേക്ക് പോവുകയും അവിടെവെച്ച് വഫാത്താവുകയും ചെയ്തു.

സിറിയയിലെ കടൽത്തീരത്ത് സ്ഥിതി ചെയ്യുന്ന സ്ഥലമാണ് ഖയ്സാരിയ്യ. അത് ഫലസ്തീനിലെ ഒരു ജില്ലയായാണ് കാണാക്കപ്പെടുന്നത്. ഇന്ന് അത് തീർത്തും വിജനമാണ്. എന്നാൽ, ഒരു കാലത്ത് ഒരു വലിയ പട്ടണമായിരുന്നു. ബിലാദിരിയുടെ അഭിപ്രായത്തിൽ അവിടെ മുന്നൂറ് മാർക്കറ്റുകളുണ്ടായിരുന്നു. അവയുടെ സംരക്ഷണത്തിന് ഒരു അത്യുഗ്രൻ റോമൻ സൈന്യവും നിയമിക്കപ്പെട്ടിരുന്നു. അവിടെ അവർക്ക് ശക്തവും അതിഭയാനകവുമായൊരു അതിർത്തി കോട്ടയുണ്ടായിരുന്നു. ഹദ്റത്ത് മുആവിയ ഖയ്സാരിയ്യയിലെത്തുകയും അതിനെ വളഞ്ഞു ഉപരോധിക്കുകയും ചെയ്തു. റോമക്കാർ ഇടക്കിടക്ക് ഇസ്‌ലാമിക സൈന്യത്തെ ആക്രമിക്കാൻ വരികയും പരാജിതരായി തങ്ങളുടെ താവളങ്ങളിലേക്ക് തിരിച്ച് പോവുകയും ചെയ്തിരുന്നു. അവസാനം ഉപരോധം വളരെയധികം നീണ്ടുനിന്നപ്പോൾ ഒരു ദിവസം അവർ വധിക്കാനും വധിക്കപ്പെടാനും തയ്യാറായി പുറത്തിറങ്ങി. എന്നാൽ, അവർക്ക് പരാജയം ഏറ്റുവാങ്ങേണ്ടി വന്നു. അതെത്ര ദയനീയമായ പരാജയമായിരുന്നുവെന്നാൽ എൺപതിനായിരം പട്ടാളക്കാർ അവർക്ക് നഷ്ടപ്പെട്ടു. ഈ മരിച്ചവരുടെ എണ്ണം യുദ്ധാവസാനം പരാജയവും പിന്തിരിഞ്ഞോട്ടവും അടക്കം ഒരു ലക്ഷം


## അമീറുൽമുഅ്മിനീന്റെ ഉപദേശം:

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

*(ബ്രിട്ടൺ, കനഡ, ജർമനി ജാമിഅകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## അമീറുൽമുഅ്മിനീന്റെ ഉപദേശം:

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

*(ജുമുഅ ഖുത്ബ 4-10-2019)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

വരെ എത്തുകയുണ്ടായി. ഖയ്സാരിയ്യയുടെ വിജയവും ആ സൈന്യത്തിന്റെ മഹാനാശവും കാരണം മുസ്‌ലിമീങ്ങൾ അവിടെയുള്ള കാര്യത്തിൽ സംതൃപ്തരും സുരക്ഷിതരുമായി. അതുവഴി റോമക്കാർക്ക് പോഷക സൈന്യങ്ങൾ ലഭിക്കുന്നത് അവസാനിച്ചു. ഹദ്റത്ത് മുആവിയ ഗനീമത്ത് മുതലിന്റെ അഞ്ചിലൊന്ന് വീതത്തോടൊപ്പം വിജയ സുവാർത്ത ഹദ്റത്ത് ഉമറിനെ അറിയിച്ചു.

ഹദ്റത്ത് അമീർ മുആവിയ ഒരുപാട് യുദ്ധക്കോപ്പുകളുമായാണ് ആ ഉപരോധം നടത്തിയതെന്നും ആ പട്ടണവാസികൾ പല തവണ പുറത്തുവന്നു യുദ്ധം ചെയ്തെങ്കിലും എല്ലാ സമയത്തും പരാജിതരായെന്നും എന്നാൽ, നഗരത്തെ കീഴടക്കാൻ സാധിച്ചില്ലെന്നുമാണ് ഒരു നിവേദനത്തിൽ വന്നിരിക്കുന്നത്. അങ്ങനെയിരിക്കെ ഒരു ദിവസം യൂസുഫ് എന്നുപേരുള്ള ഒരു ജൂതൻ അമീർ മുആവിയയുടെ അടുത്തുവരികയും പട്ടണത്തിലൂടെ കോട്ടവാതിലിലേക്കെത്തുന്ന ഒരു തുരംഗത്തിന്റെ അടയാളങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്തു. അങ്ങനെ കുറച്ചു ധീരയോദ്ധാക്കൾ ആ വഴിയിലൂടെ കോട്ടക്കകത്തെത്തുകയും കോട്ടവാതിൽ തുറക്കുകയും ഉടനടി മുസ്‌ലിം സൈന്യം കടന്നാക്രമിക്കുകയും വിജയം നേടുകയും ചെയ്തു.

ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്ത് എന്ന ബദ്‌രി സ്വഹാബിയും ഈ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഖയ്സാരിയ്യ യുദ്ധത്തിൽ അദ്ദേഹത്തിന്റെ ധീരതയെ സൂചിപ്പിക്കുന്ന ഒരു സംഭവം ലഭിക്കുന്നുണ്ട്. ഖയ്സാരിയ്യ ഉപരോധത്തിന്റെ സ്ഥലത്ത് ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്ത്(റ) ഇസ്‌ലാമീ സൈന്യത്തിന്റെ മയ്മനയുടെ നേതാവായിരുന്നു. അദ്ദേഹം തന്റെ സൈന്യത്തെ ഉപദേശിക്കാൻ എഴുന്നേറ്റ് നിന്നു. എന്നിട്ട് പാപങ്ങളിൽനിന്ന് രക്ഷപ്പെടാനും ആത്മപരിശോധന നടത്താനും നിർദേശിച്ചു. തുടർന്ന് ഒരു കൂട്ടം മുജാഹിദീങ്ങളുമായി മുന്നോട്ട് പോവുകയും ഒരുപാടു റോമാക്കാരെ വധിക്കുകയും ചെയ്തു. എന്നാൽ, തന്റെ ലക്ഷ്യത്തിൽ അദ്ദേഹം അത്രകണ്ട് വിജയം നേടിയില്ല. വീണ്ടും തന്റെ സ്ഥലത്ത് തിരിച്ചു വന്നു. തന്റെ കൂട്ടാളികൾക്ക് വധിക്കാനും വധിക്കപ്പെടാനും ആവേശം പകർന്നു. ഇത്രയും വലിയ സൈന്യവുമായി അടരാടിയിട്ടും ലക്ഷ്യം കാണാതെ തിരിച്ചു വന്നതിൽ അദ്ദേഹം അത്ഭുതവും അവിശ്വസനീയതയും പ്രകടിപ്പിച്ചു. എന്നിട്ട് പറഞ്ഞു: അല്ലയോ ഇസ്‌ലാമിന്റെ കാവൽ ഭടന്മാരേ!അഖബ ബയ്അത്തിൽ പങ്കെടുത്ത നഖീബുമാരിൽ ഏറ്റവും പ്രായം കുറഞ്ഞ നേതാവ് ഞാനായിരുന്നു. എന്നാൽ, എല്ലാവരേക്കാളും ദീർഘായുസ്സ് ലഭിച്ചത് എനിക്കാണ്. അല്ലാഹു നിങ്ങളോടൊപ്പം ഇന്ന് ശത്രുക്കളുമായി പോരാടാൻ ഞാൻ ജീവിച്ചിരിക്കണമെന്ന് എന്നെ കുറിച്ച് വിധിച്ചതാണ്. ആരുടെ കൈകളിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! ഞാൻ എപ്പോഴൊക്കെ വിശ്വാസികളുടെ സംഘവുമായി മുശ്‌രിക്കീങ്ങളുടെ സംഘത്തെ നേരിട്ടുണ്ടോ അപ്പോഴെക്കെ ഞാൻ യുദ്ധമൈതാനം വെടിപ്പാക്കിയിട്ടുണ്ട്. അതായത് ഞങ്ങൾ ജയിക്കുകയുണ്ടായി. അല്ലാഹു ഞങ്ങൾക്ക് വിജയം പ്രദാനം ചെയ്തു. എന്നാൽ, നിങ്ങൾക്കിവരെ ആക്രമിച്ച് അവിടെനിന്ന് തുരത്തിയോടിക്കാൻ എന്തുകൊണ്ട് കഴിഞ്ഞില്ല. അതിനുശേഷം തനിക്ക് അതേകുറിച്ച് തോന്നിയ സംശയത്തെ കുറിച്ച് അദ്ദേഹം ഈ വാക്കുകളിൽ അവരോട് പറഞ്ഞു: 'എനിക്ക് നിങ്ങളുടെ കാര്യത്തിൽ രണ്ടു വിഷയങ്ങളെ കുറിച്ചാണ് സന്ദേഹമുള്ളത്. ഒന്നുകിൽ നിങ്ങളുടെ ഇടയിൽ ഏതെങ്കിലും വിശ്വാസവഞ്ചകനുണ്ട്. അല്ലെങ്കിൽ നിങ്ങൾ ആക്രമണം നടത്തിയപ്പോൾ ആത്മാർഥരായിരുന്നില്ല. വിശ്വാസവഞ്ചകനുണ്ട് അല്ലെങ്കിൽ ആത്മാർത്ഥത ഇല്ല. ആ സമയത്ത് വേണ്ടത്ര ആത്മാർഥത ഉണ്ടായിരുന്നില്ല. അതിനുശേഷം അദ്ദേഹം അവരോട് ആത്മാർഥ ഹൃദയത്തോടെ ശഹാദത്ത് വരിക്കാൻ ദുആ ചെയ്യാൻ ഉപദേശിക്കുകയും അല്ലാഹു നമുക്ക് വിജയം തരികയോ അല്ലെങ്കിൽ ശഹാദത്തിന്റെ മരണം തരികയോ ചെയ്യുന്നതുവരെ ഞാൻ നിങ്ങളെക്കാൾ മുന്നിൽ ഉണ്ടാവുമെന്നും ഒരിക്കലും പിന്തിരിഞ്ഞോടുകയില്ലെന്നും പറയുകയും ചെയ്തു. റോമക്കാരും മുസ്‌ലിമീങ്ങളും പരസ്പരം ഏറ്റുമുട്ടിയപ്പോൾ ഉബാദ ബിൻ സ്വാമിത്ത്(റ) തന്റെ കുതിരപ്പുറത്തുനിന്ന് താഴേക്കുചാടുകയുംകാലാൾപ്പടയിലാവുകയും ചെയ്തു. ഉമയ്ർ ബിൻ സഅ്ദ് അൻസ്വാരി(റ) അദ്ദേഹം നിലത്തു നടക്കുന്നത് കണ്ടപ്പോൾ അക്കാര്യം മുസ്‌ലിം സൈന്യത്തിന്നിടയിൽ പ്രചരിപ്പിക്കുകയും എല്ലാവരും അദ്ദേഹത്തെപോലെ ചെയ്യണമെന്ന് പറയുകയും ചെയ്തു. അങ്ങനെ എല്ലാവരും റോമക്കാരുമായി പൊരിഞ്ഞ യുദ്ധം നടത്തുകയും അവരെ തോൽപ്പിക്കുകയും ചെയ്തു. അവസാനം അവരെല്ലാവരും ഓടി പട്ടണത്തിലെ കോട്ടയിൽ അഭയം തേടുകയും ചെയ്തു.

അറബികൾ ഖയ്സാരിയ്യയിൽ ആധിപത്യം നേടിയതുപോലെ ഗസ്സയും കീഴടക്കി. അബൂബക്‌ർ സിദ്ദീഖ് (റ)ന്റെ കാലഘട്ടത്തിലും മുസ്‌ലിമീങ്ങൾ ഒരിക്കൽ ഗസ്സയിൽ വിജയം നേടിയതായിരുന്നു. എന്നാൽ, പിന്നീട് അവരെ അവിടെ നിന്നു പുറത്താക്കുകയായിരുന്നു. അങ്ങനെ ഈ രണ്ടു അതിർത്തി പ്രദേശങ്ങളും മുസ്‌ലിമീങ്ങളുടെ അധികാരത്തിൽ വന്നപ്പോൾ ഹദ്റത്ത് അംറ് ബിൻ ആസ്(റ) സമുദ്രഭാഗത്തുനിന്നു ഉള്ള ശത്രുക്കളുടെ കാര്യത്തിൽ ആശ്വാസം കൊണ്ടു. *(സയ്യിദുനാ ഉമർ ഫാറൂഖ് അഅ്ളം, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർജിം, പേജ് 357-359, ഇസ്‌ലാമി കുതുബ് ഖാന ലാഹോർ)(സീറത്ത് അമീറുൽമുഅ്മിനീൻ ഉമർ ബിൻ ഖത്ത്വാബ്, അസ്സ്വല്ലാബി, പേജ് 735, 736, 744, 745, അൽഫുർഖാൻ ട്രസ്റ്റ് ഖാൻഗഢ് മുസഫ്ഫർ ഗഢ് ജില്ല, പാക്കിസ്താൻ) (അൽഫാറൂഖ്, അല്ലാമാ ശിബ്‌ലി, പേജ് 118-119, ദാറുൽഇശാഅത്ത് കറാച്ചി 1991)*

ഈ വൃത്താന്തം, ഈ സംഭവങ്ങൾ ഇനിയും നടന്നുകൊണ്ടിരിക്കുന്നു. ഈ നേരത്ത് ഞാൻ ചില പരേതാത്മാക്കളെ അനുസ്മരിക്കാൻ ആഗ്രഹിക്കുകയാണ്. അവരുടെ ജനാസ ജുമുഅ നമസ്കാരത്തിന് ശേഷം നിർവഹിക്കുന്നതായിരിക്കും.

ആദ്യമായി അനുസ്മരിക്കുന്നത് കേരളത്തിലെ മുൻ മുബല്ലിഗായ മർഹൂം മൗലവി കെ മുഹമ്മദ് അലവി സാഹിബിന്റെ ഭാര്യ ഖദീജ സാഹിബയെയാണ്. അവർ കഴിഞ്ഞ ദിവസം 80-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. അവരുടെ പിതാവ് കുഞ്ഞി മൊയ്തീൻ സാഹിബ് കേരളത്തിലെ ആദ്യകാല അഹ്മദികളിൽ പെട്ട വ്യക്തിയാണ്. പരേതയ്ക്ക് വളരെ ചെറിയ പ്രായത്തിൽ അഹ്മദിയ്യത്തിൽ പ്രവേശിക്കാനുള്ള തൗഫീഖ്‌ലഭിച്ചു.വളരെയധികം ക്ഷമയും നന്ദിയും പ്രകടിപ്പിക്കുന്നവരും നമസ്കാരവ്രതാദി കാര്യങ്ങളിൽ കൃത്യനിഷ്ഠ പുലർത്തിയവരുമായിരുന്നു. ദീനീബോധമുള്ള, ദരിദ്രരെ സഹായിക്കുന്ന അതിഥി സൽക്കാര പ്രിയയായ, മിതവ്യയം ചെയ്യുന്ന സ്ത്രീയായിരുന്നു. അവരുടെ ഭർത്താവ് ജമാഅത്തിന്റെ മുബല്ലിഗായിരുന്നു. ജമാഅത്ത് പര്യടനങ്ങൾ കാരണമായി അദ്ദേഹം അധികവും വീട്ടിലുണ്ടാകുമായിരുന്നില്ല. എന്നിരുന്നാലും പരേത പരാതിയൊന്നും പറയാതെ കൃതജ്ഞതയോടെ കഴിയുമായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ രണ്ട് ആൺമക്കളും അഞ്ച് പെൺമക്കളുമാണുള്ളത്. ഇവർ മൂസിയ ആയിരുന്നു. ഇവരുടെ മൂത്ത മകൻ കെ മഹ്മൂദ് സാഹിബ് ജമാഅത്തിന്റെ മുബല്ലിഗായിരുന്നു. ഇദ്ദേഹം 54-ാമത്തെ വയസ്സിൽ കിഡ്നി സംബന്ധമായ രോഗം ബാധിച്ച് വഫാത്തായതാണ്. ഇവരുടെ ഇളയ മകനും ജമാഅത്തിന്റെ മുഅല്ലിമാണ്. ഇവരുടെ അഞ്ചു പെൺമക്കളുടെയും വിവാഹം മുറബ്ബിമാരുമായിട്ടുതന്നെയാണ് നടന്നിരിക്കുന്നത്. അല്ലാഹു പരേതയോടു മഗ്ഫിറത്തോടും കരുണയോടുംകൂടി പെരുമാറാകട്ടെ.

അടുത്ത അനുസ്മരണം കോട്ടുഫത്ഹ് ഖാനിലെ മലിക് സുൽത്വാൻ റശീദ് ഖാൻ സാഹിബിന്റേതാണ്. ഇദ്ദേഹം അട്ടക്ക് ജില്ല മുൻ അമീറായിരുന്നു. മലിക് സുൽത്വാൻ റശീദ് ഖാൻ സാഹിബ് ആഗസ്ത് 22-23 ഇടയ്ക്കുള്ള രാത്രിയാണ് വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് കേർണൽ മലിക് സുൽത്വാൻ മുഹമ്മദ് ഖാൻ സാഹിബ് 23-ാം വയസ്സിൽ 1923-ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കൈയിൽ ബയ്അത്തു ചെയ്തു. തന്റെ കുടുംബത്തിൽ തനിച്ച് അഹ്മദിയായിരുന്നു. പിന്നീട് ഇദ്ദേഹത്തിന്റെ വിവാഹം ചൗദരീ ഫതഹ് മുഹമ്മദ് സാഹിബ് സിയാലിന്റെ മകൾ ആഇശ സിദ്ദീഖ സാഹിബയുമായി നടന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് തന്നെയാണ് ഈ വിവാഹം നടത്തിച്ചത്. സുൽത്വാൻ റശീദ് സാഹിബിന്റെ പിതാമഹന്റെ പേര് മലിക് സുൽത്വാൻ സർഖ്റോ ഖാൻ എന്നായിരുന്നു. ഇദ്ദേഹത്തിന് ബ്രിട്ടീഷ് രാജാവിന്റെ സദസ്സിൽ വലിയ സ്ഥാനമുണ്ടായിരുന്നു. ദർബാറിൽ കസേര നല്കപ്പെട്ടിരുന്നു. ഇദ്ദേഹത്തിന് തന്റെ മകൻ മലിക് സുൽത്താൻ മുഹമ്മദ് ഖാൻ സാഹിബിന്റെ ബയ്അത്തിന് നാലു വർഷത്തിനുശേഷം അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള ഭാഗ്യം ലഭിച്ചു.

മലിക് സുൽത്വാൻ റശീദ് സാഹിബിന്റെ ജമാഅത്തി സേവനങ്ങൾ ഇപ്രകാരമാണ്. 96 മുതൽ 99 വരേയും പിന്നീട് 2005 മുതൽ 2014 വരേയും അട്ടക്കിന്റെ ജില്ലാ അമീറായി സേവനമനുഷ്ഠിക്കാനുള്ള തൗഫീഖ് ലഭിച്ചു. വഫാത്ത് സമയത്തും കോട്ട് ഫതഹ്ഖാൻ ജമാഅത്തിന്റെ സ്വദ്ർ ആയിരുന്നു. പടിഞ്ഞാറൻ പാകിസ്താനിന്റെ മുൻഗവർണറായിരുന്ന മീർ മുഹമ്മദ് ഖാനിന്റെ ബന്ധുവുമായിരുന്നു. എന്നാൽ, അവർ ഭൗതികതയിൽ മുഴുകിയിരുന്ന കുടുംബമായിരുന്നെങ്കിൽ ഇദ്ദേഹം ഇദ്ദേഹത്തിന്റെ പിതാവ് അഹ്

മദിയായതിനുശേഷം ദുൻയാവുമായി ബന്ധം വിച്ഛേദിച്ചു. ബന്ധം വിച്ഛേദിച്ചു എന്നല്ല ദുൻയാവിൽ ജീവിച്ചുകൊണ്ട് ദീനിനെ മുന്തിക്കുന്നവരുടെ കൂട്ടത്തിലായി. ഇതേ പ്രത്യേകത തന്നെയായിരുന്നു മലിക് സുൽത്വാൻ റശീദ് സാഹിബിനുമുണ്ടായിരുന്നത്. ഇദ്ദേഹം ആദ്യം 1/10 ന്റെ വസിയ്യത്താണ് ചെയ്തത്. പിന്നീട് 1/7 ന്റെ വസിയ്യത്തു ചെയ്തു. അതിന്റെ ഹിസ്സ ജാഇദാദ് നൽകുകയും ചെയ്തു. സ്വത്തിനെ കുറിച്ച് എനിക്ക് തോന്നുന്നത് 1/10 ഹിസ്സയുടെ വസിയ്യത്തായിരുന്നു. ബാക്കി വരുമാനത്തിന്റെ 1/7 ആയിരുന്നുവെന്നാണ്. ഇദ്ദേഹത്തിന്റെ സഹോദരി റാശിദ സിയാൽ പറയുന്നു: 'ഖലീഫത്തുൽമസീഹ് റാബിഅ് ഒരിക്കൽ എനിക്കെഴുതി: 'നിങ്ങളുടെ അബ്ബാ അഹ്മദിയ്യത്തിന്റെ ഊരിയവാളായിരുന്നു. നിങ്ങളുടെ സഹോദരന്മാരിലും ഈ ഗുണം കാണുന്നുണ്ട്.' പിന്നീട് ഇദ്ദേഹത്തെ കുറിച്ച് അതായത് മലിക് റശീദ് സാഹിബിനെ കുറിച്ച് അവർ പറയുന്നു: 'ഞങ്ങളുടെ സഹോദരന് ഖിലാഫത്തുമായി അഗാധമായ ബന്ധമായിരുന്നു. ഖലീഫത്തുൽ മസീഹിന്റെ എല്ലാ കല്പനകളും ഉടൻ പ്രാവർത്തികമാക്കുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് അദ്ദേഹം ഖിലാഫത്തിന്റെ വിശ്വസ്തനായ സേവകനായിരുന്നു. പൂർണമായ താൽപര്യത്തോടുകൂടി സേവനങ്ങൾ ചെയ്തിരുന്നു. ആത്മീയതയും അദ്ദേഹത്തിൽ നിറഞ്ഞു നിന്നിരുന്നു. ആരെങ്കിലും അദ്ദേഹത്തെ കണ്ടാൽ അദ്ദേഹത്തിന് ഈ ദുൻയാവിലെ ജീവിതവുമായി ഒരു ബന്ധവുമില്ലെന്ന് തോന്നുമായിരുന്നു. വളരെ വിനയനായിരുന്നു. അല്ലാഹുവിനോടുള്ള തന്റെ ബന്ധത്തെ കുറിച്ചു കൂടുതലൊന്നും സംസാരിക്കാറുണ്ടായിരുന്നില്ലെങ്കിലും അല്ലാഹുവുമായി വളരെ നല്ല ബന്ധമായിരുന്നു.അദ്ദേഹം പകലും രാത്രിയും എല്ലാവർക്കുംവേണ്ടി ദുആ ചെയ്യുന്നതിൽ ചെലവഴിക്കുമായിരുന്നു; സുഹൃത്താണെങ്കിലും, ബന്ധുക്കളാണെങ്കിലും അന്യരാണെങ്കിലും! സുഹൃത്തുക്കളും ബന്ധുക്കളും അന്യരും അദ്ദേഹത്തിന്റെ വീട്ടിൽനിന്ന് വെറും കൈയോടെ പോകേണ്ടി വരുമായിരുന്നില്ല അദ്ദേഹത്തിന്റെ ഉദാരമനസ്കതയെ മുതലെടുത്തവരുമുണ്ട്. ആർക്കും അത് നിഷേധിക്കാൻ സാധിക്കില്ല. പറയുന്നു: ഒരു സ്ത്രീ എന്റെ സഹോദരീ പുത്രിയുടെ അടുക്കൽ വന്നിരുന്നു.അവർ പറഞ്ഞു, 'സുൽത്വാൻ റശീദ് സാഹിബിന്റെ പൈസകൾകൊണ്ട് പുകഞ്ഞിരുന്ന അടുപ്പുകൾ ഇനി എങ്ങനെ പുകയും? പാവങ്ങളായ ആ വീട്ടുകാരുടെ അവസ്ഥ എന്തായിരിക്കും?'അതായത് ഭക്ഷണവും വീട്ടുകാര്യങ്ങളുമൊക്ക സുൽത്വാൻ റശീദ് സാഹിബിന്റെ സഹായം കൊണ്ടായിരുന്നു നടന്നിരുന്നത്. അദ്ദേഹം ഏതുരീതിയിലാണ് ഉദാരത പ്രകടിപ്പിച്ചതെന്നതിന്റെ യഥാർഥ ഗ്രാഹ്യം ഞങ്ങൾക്കില്ല. അവർ പറയുന്നു: എന്റെ സഹോദരിയുടെ മകൾ ഒരിക്കൽ അദ്ദേഹത്തോടു ചോദിച്ചു: 'അങ്ങ് ഈ ചെയ്യുന്ന സേവനങ്ങൾ ജനങ്ങൾ വിലമതിക്കുമോ?അത് ഓർമിച്ചു വെക്കുമോ?' അദ്ദേഹം പറഞ്ഞു: 'ചിലപ്പോൾ അവർ എന്നെ ഓർമിക്കുമായിരിക്കില്ല. എന്നാൽ, എന്റെ നിയ്യത്ത് അല്ലാഹു എന്നിൽ തൃപ്തനായിരിക്കണമെന്നുമാത്രമാണ്!'

അദ്ദേഹത്തിന്റെ ഒരു സഹോദരി നഈമ സാഹിബ പറയുന്നു: എന്റെ സഹോദരന് തബ്‌ലീഗ് ചെയ്യാൻ വളരെ ആവേശമായിരുന്നു. അദ്ദേഹം ഒരുപാടു സത്യാത്മാക്കൾക്ക് ഹിദായത്തിന് കാരണമായി. വരുന്നവരും പോകുന്നവരുമായ എല്ലാവർക്കും തബ്‌ലീഗിനുള്ള വേദി ഒരുക്കുമായിരുന്നു.അനഹ്മദി സുഹൃത്തുക്കളധികവും വൈകുന്നേരങ്ങളിൽ അദ്ദേഹത്തിന്റെ അടുത്ത് വരുമായിരുന്നു. എന്നിട്ട് മണിക്കൂറുകളോളം ഈസനബിയുടെ മരണവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടക്കുമായിരുന്നു. അതിൽ അപകട സാധ്യതയുമുണ്ടായിരുന്നു. ആരാധനകളോടുള്ള അഭിനിവേശത്തിന്റെ കാര്യത്തിലും അത്ഭുതകരമായ നിലയായിരുന്നു. പൊതുവിൽ മുറി അടച്ചിരുന്ന് ഒറ്റക്ക് തന്റെ നാഥനോട് രഹസ്യങ്ങൾ പറയുമായിരുന്നു. ദർശനങ്ങളും കശ്ഫുകളുംകൊണ്ട് അല്ലാഹു അനുഗ്രഹിച്ചിരുന്നു. ഒരിക്കൽ എബട്ടാബാദിൽ ചൂടിനുവേണ്ടി പോയി. പൊടുന്നനെ സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടായി. ദുആ അല്ലാതെ മറ്റൊന്നും ചെയ്യാൻ സാധിക്കുമായിരുന്നില്ല. രാവിലെ പ്രഭാത സവാരിക്ക് മരങ്ങൾ ഇടതൂർന്ന് നിന്നിരുന്ന സ്ഥലത്തതുകൂടി കടന്നു പോകുമ്പോൾ ഉച്ചത്തിലും വ്യക്തതയോടെയും ഒരു അശരീരി കേട്ടു:ലാ തഖ്നത്വൂ മിൻ റഹ്മത്തില്ലാഹ് .

അട്ടക്കിന്റെ മുൻ ജില്ലാ അമീറായിരുന്ന സുബയ്‌രി സാഹിബിന്റെ ഭാര്യ അദ്ദേഹത്തിന്റെ സഹോദരിയോട് പറഞ്ഞു: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിയിന്റെ കാലഘട്ടത്തിൽ ജില്ല മീറ്റിങ്ങിനു വേണ്ടി അവരുടെ വീട്ടിലാണ് ഇദ്ദേഹം താമസിച്ചിരുന്നത്. ഇദ്ദേഹത്തിന്റെ മുഖത്ത് എന്തോ വിഷമമുള്ളതായി കണ്ട് ചോദിച്ചപ്പോൾ പറഞ്ഞു: ഒരു പ്രസംഗം നടത്താനുണ്ട്. എന്നാൽ, തയ്യാറാകാൻ സാധിച്ചിട്ടില്ല. എന്നാൽ, പിറ്റേദിവസം രാവിലെ വളരെ സന്തോഷത്തിലായിരുന്നു. പ്രാതൽ കഴിക്കാൻ വന്നപ്പോൾ പറഞ്ഞു: 'രാത്രി ഖലീഫത്തുൽ മസീഹ് മൂന്നാമൻ റഹ്മഹുല്ലാഹ് സ്വപ്നത്തിൽ വന്നുകൊണ്ട് മുഴുവൻ പ്രസംഗവും കുറച്ചു സമയംകൊണ്ട് എഴുതിപ്പിച്ചു. അൽഹംദുലില്ലാഹ്! എന്റെ പ്രസംഗം തയ്യാറായി.' അല്ലാഹുവിൽ സർവവും ഭരമേൽപ്പിക്കുന്നതിന്റെ നിലവാരമെന്തായിരുന്നുവെന്നാൽ ശത്രുക്കളാൽ വളയപ്പെട്ട ഗ്രാമത്തിൽ ഒറ്റക്ക് ഒരുപാടുവർഷം ജീവിതം കഴിച്ചു കൂട്ടി. ഒരു പേടിയോ പരിഭ്രമമോ ഉണ്ടായിരുന്നില്ല. വലിയ ധീരനായിരുന്നു. അല്ലാഹുവിന്റെ കല്പനയില്ലാതെ ഒരു ഇലപോലും അനങ്ങുകയില്ലെന്ന് പറയാറുണ്ടായിരുന്നു. ഒരിക്കൽ യാചകനെ തന്റെ ഒരു ജോലിക്കാരൻ തിരിച്ചയക്കാൻ ശ്രമിച്ചപ്പോൾ അല്ലാഹു ആർക്കെങ്കിലുംവേണ്ടി എന്നെ ഒരു മാർഗമായി നിശ്ചയിച്ചാൽ അവനെ തിരിച്ചയക്കാൻ എനിക്കെന്ത് അർഹതയാണുള്ളതെന്ന് പറഞ്ഞു. വിജ്ഞാനപരമായ എല്ലാ വിഷയങ്ങളിലും നല്ല കഴിവുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാമിന്റെ ഗ്രന്ഥങ്ങൾ പലവട്ടം വായിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം എല്ലാ ഗുണങ്ങളും സമ്മേളിച്ച ഒരു വ്യക്തിത്വമായിരുന്നു. നമസ്കാരം നോമ്പ് തഹജ്ജുദ് എന്നിവ അനുഷ്ഠിക്കുന്നയാളും, ദുആ ചെയ്യുന്നയാളും യുക്തിയോടുകൂടി സംസാരിക്കുന്ന ആളുമായിരുന്നു. എല്ലാ സംസാരവും തബ്‌ലീഗിലാണ് അവസാനിച്ചിരുന്നത്. അല്ലാഹു അദ്ദേഹത്തോട് മഗ്ഫിറത്തോടും, കാരുണ്യത്തോടുംകൂടി പെരുമാറട്ടെ.

അടുത്ത വിവരണം ആഗസ്റ്റ് 25-ന് വഫത്തായ ഇന്തൊനേഷ്യയിലെ അബ്ദുൽ ഖയ്യൂം സാഹിബിന്റേതാണ്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം പരേതനായ മൗലാനാ അബ്ദുൽ വാഹിദ് സാഹിബ് സുമാട്രി-ഇദ്ദഹം ഹിന്ദുസ്താനിയും പാക്കിസ്താനിയുമല്ലാത്ത ആദ്യത്തെ മുബല്ലിഗായിരുന്നു-യുടെ മകനായിരുന്നു. ഇന്തൊനേഷ്യയിലെ പ്രശസ്തമായൊരു ടെക്നിക്കൽ സ്കൂളിൽ നിന്നു കെമിക്കൽ എഞ്ചനീയറിംഗിൽ ബാച്ചുലേഴ്സിന്റെ ഡിഗ്രി കരസ്ഥമാക്കി. പിന്നീട് ഒശിശര്യ്യേ ീള ളിില്യഴ്യ മിറ ഒശില്യമഹ ഞലഴീൗൃരല ൽ ഉദ്യോഗസ്ഥനായി. അവിടെ വിവിധ മേഖലകളിൽ പ്രവൃത്തിച്ചു. റിട്ടയേർഡായിട്ടും തന്റെ ഫീൽഡിലെ വിദഗ്ധനെന്ന നിലയിൽ അദ്ദേഹത്തെ അവർ പ്രയോജനപ്പെടുത്തിയിരുന്നു. പിന്നീട് എഴുപത്തിമൂന്നാം വയസ്സിൽ വളരെ പരിശ്രമത്തോടെ യുനിവേർസിറ്റി ഓഫ് ഇന്തൊനേഷ്യയിൽ നിന്നു കെമിക്കൽ എഞ്ചിനിയറിംഗിൽ പി എച് ഡി കരസ്ഥമാക്കി. അദ്ദേഹം രാജ്യത്തിനുവേണ്ടിയും ഉന്നതമായ സേവനം കാഴ്ച വെച്ചിട്ടുണ്ട്. എഴുപത്തി മൂന്നിൽ അദ്ദേഹം ഗവണ്മെന്റിനു ലിക്യുഫയ്ഡ് ഗ്യാസിനെ(Liquified Natural Gas) കുറിച്ച് ഒരു ഫോർമുല സമർപ്പിച്ചു. പറയപ്പെടുന്നു, 1974 മുതൽ 2000 വരെ ഗവണ്മെന്റിനു അതു മുഖേന നൂറ്റിപത്ത് ഡോളറിന്റെ ലാഭമുണ്ടായി. ചുരുക്കത്തിൽ അഹ്മദികൾ എല്ലായിടത്തും രാജ്യത്തിനും, ജനങ്ങൾക്കും സേവനത്തിനുവേണ്ടി എല്ലാ സമയത്തും തയ്യാറാണ്. എന്നാൽ, ഇന്തൊനേഷ്യയിലും മുല്ലാക്കളുടെ സമ്മർദം കാരണം ചില പ്രദേശങ്ങളിൽ അഹ്മദിയത്തിനോടുള്ള ശത്രുത വളരെ കൂടുതലാണ്. എന്നിരുന്നാലും നമ്മുടെ ഉത്തരവാദിത്വം രാജ്യത്തിനോട് കൂറുള്ളവരായിരിക്കുക എന്നതാണ്. അദ്ദേഹത്തിന് സിവിൽ സർവീസിനു രാജ്യത്തിന്റെ പരമോന്നത അവാർഡും ലഭിക്കുകയുണ്ടായി. 2005-ൽ രണ്ടാമത്തെ പരമോന്നത അവാർഡും നൽകി. അത് ഇന്തൊനേഷ്യൻ സർക്കാർ സൈന്യത്തിന്റെ വകുപ്പിന് വെളിയിൽ നിന്നുള്ളവരിൽ ഉന്നതമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നവർക്ക് നൽകുന്നതാണ്. അവരിലെ ഹീറോകളെ ഒരു ഖബർസ്താനിൽ നടത്തപ്പെടുന്ന മിലിട്ടറി സെറിമണിയിൽ(ceremony) ഖബറടക്കുന്നു. അദ്ദേഹം അവിടെ ഖബറടക്കപ്പെടേണ്ടിയിരുന്നില്ല. അതുകൊണ്ട് മിലിട്ടറി സെറിമണി അദ്ദേഹത്തിന്റെ വഫാത്തിൽ മൂസികളുടെ ഖബർസ്ഥാനിലാണ് നടത്തപ്പെട്ടത്. അവിടെ വളരെയധികം ബഹുമതികളോടുകൂടി അദ്ദേഹത്തെ ഖബറടക്കി.

അദ്ദേഹം വളരെ സ്നേഹനിധിയായിരുന്നു. അദ്ദേഹത്തിന്റെ സഹോദരി സഹോദരന്മാരെ വളരെ നല്ല രീതിയിൽ നോക്കിയിരുന്നു. സഹോദരി സഹോദരന്മാരെ നോക്കണമെന്ന് അദ്ദേഹത്തിന്റെ പിതാവ് ഉപദേശിച്ചിരുന്നു. അദ്ദേഹം അപ്രകാരം എപ്പോഴും അക്കാര്യം പ്രാവർത്തികമാക്കി. മുറബ്ബിമാരോടും വഖ്ഫ സിന്ദഗിമാരോടും അങ്ങേയറ്റത്തെ ബഹുമാനാദരങ്ങളോടുകൂടിയായിരുന്നു പെരുമാറിയിരുന്നത്. അദ്ദേഹത്തിന്റെ ഇളയ സഹോദരൻ ബാസിത് സാഹിബും ജമാഅത്തിന്റെ

മുറബ്ബിയാണ്. അദ്ദേഹം ഇന്തൊനേഷ്യയിലെ അമീർ ജമാഅത്തുമാണ്. അദ്ദേഹം തന്റെ കീഴ്ജീവനക്കാരോടും വളരെ നല്ല നിലയിൽ പെരുമാറിയിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിച്ച ഒരു വ്യക്തി പറയുകയുണ്ടായി: 9 വയസ്സ് പ്രായം മുതൽ ഞാൻ പരേതന്റെ സംരക്ഷണത്തിലാണ് വളർന്നത്. സ്കൂൾ ഫീസും മറ്റാവശ്യങ്ങളും അദ്ദേഹം തന്നെയായിരുന്നു നല്കിയിരുന്നത്. അദ്ദേഹത്തിന്റെ സൽപെരുമാറ്റം കാരണമായി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കുകയും ബയ്അത്ത് ചെയ്യുകയും ചെയ്തു. മർഹൂം വളരെയധികം ഔദാര്യവും ദാനശീലവുമുള്ള വ്യക്തിയായിരുന്നു. എപ്പോഴും എല്ലാവരോടും ഒരേപോലെ പെരുമാറിയിരുന്നു. ഒരിക്കലുംതന്നെ സ്വന്തം കാര്യത്തിൽ ഗർവ്വ് കാണിക്കുകയോ തന്റെ പദവിയിൽ വമ്പ് നടിക്കുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല. ഒരു സർക്കാർ ഗ്യാസ് കമ്പനിയിൽ അദ്ദേഹത്തിന്റെ കീഴ്ജീവനക്കാരൻ ആയിരുന്ന വ്യക്തിപറയുന്നു: 'വളരെ വിവേകമതിയും സ്ഥൈര്യവാനും കഠിനാധ്വാനിയുമായിരുന്നു. അദ്ദേഹം വളരെ പ്രശസ്തനും ഉയർന്ന ഓഫീസറുമായിരുന്നു. എങ്കിൽത്തന്നെയും വളരെ വിനയനായിരുന്നു. ഖിലാഫത്തുമായും ജമാഅത്തുമായും വളരെയധികം സ്നേഹമുള്ള വ്യക്തിയുമായിരുന്നു. ജമാത്തിനുവേണ്ടി ത്യാഗങ്ങൾ ആവശ്യമുള്ളപ്പോഴൊക്കെ അതുപോലെ പ്രതിസന്ധി ഘട്ടത്തിലും അദ്ദേഹം വളരെ ആത്മാർഥ ഹൃദയത്തോടെ സഹായങ്ങൾ ചെയ്യുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഇന്തൊനേഷ്യയിൽ പോയപ്പോൾ അദ്ദേഹത്തിന്റെ വീട്ടിലായിരുന്നു താമസിച്ചിരുന്നത്. അതുപോലെ അദ്ദേഹം സർക്കാർ ഉദ്യോഗം ചെയ്യുന്നതിനിടയിൽ ഒരിക്കലുംതന്നെ താൻ അഹ്മദിയാണെന്ന കാര്യം മറച്ചു വെച്ചിരുന്നില്ല. തന്റെ സുഹൃത്തുക്കളെ എപ്പോഴും താബ്ലീഗ് ചെയ്യുമായിരുന്നു. പ്രശസ്തനായൊരു അഹ്മദി വ്യക്തി എന്ന നിലയിൽ അറിയപ്പെട്ടിരുന്നു. ഒരിക്കൽ ഒരു ELECTRICITY കമ്പനിയുടെ CEO മന്ത്രിയോട് പറഞ്ഞു: 'ഡാമിലെ വെള്ളം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതേ അവസ്ഥ തുടർന്നാൽ കുറച്ചു കഴിയുമ്പോൾ വൈദ്യുതി വിതരണം നിറുത്തിവെക്കേണ്ടി വരും.' ആ മിനിസ്റ്ററിന് അദ്ദേഹത്തിന്റെ ദുആകളിൽ വിശ്വാസമുണ്ടായിരുന്നു. അതുകൊണ്ട് മന്ത്രി പറഞ്ഞു: 'നിങ്ങൾ ഖയ്യൂം സാഹിബിന്റെ അടുത്ത് പോകുക. ഖയ്യൂം സാഹിബിന്റെ അടുത്തെത്തി തന്നെ സഹായിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ശരി! താങ്കൾക്ക് എന്റെ ഭാഗത്തുനിന്നു സഹായം വേണമെങ്കിൽ ഞാൻ മുഖേന ഖലീഫത്തുൽ മസീഹിന് അതായത് ഞങ്ങളുടെ ഇമാമിന് ഇതു നടക്കാൻ ദുആ ചെയ്യണമെന്ന് കത്തെഴുതുക.' പറയുന്നു: ചൊവ്വാഴ്ച അദ്ദേഹം ആ കത്തുതന്നു. അടുത്ത ദിവസംതന്നെ കോരിച്ചൊരിയുന്ന മഴ പെയ്യുകയും ഡാം നിറയുകയും ചെയ്തു.' ജമാഅത്തിനുവേണ്ടി അദ്ദേഹം ചെയ്ത സേവനങ്ങൾ ഇനി പറയുന്നതാണ്. പാറോങ്കിൽ ഹെഡ്ക്വാർട്ടർ കോംപ്ലക്സ് നിർമാണത്തിൽ ഒരുപാടു തടസങ്ങൾ നേരിട്ടു. ആ സമയത്ത് റഈസു ത്തബ്ലീഗ് മഹ്മൂദ് ചീമ സാഹിബായിരുന്നു. അദ്ദേഹം പറഞ്ഞപ്പോൾ ഇദ്ദേഹം പറഞ്ഞു: 'ആശങ്കപ്പെടേണ്ട; ധനകാര്യങ്ങളിൽ വല്ല തടസ്സമോ കുറവോ നേരിടുകയാണെങ്കിൽ മുഴുവൻ ചെലവും ഞാൻ വഹിക്കാൻ തയ്യാറാണ്.' അദ്ദേഹം സകല ചെലവുകളും വഹിക്കുകയും രണ്ടു വർഷത്തിനകം അവിടെ വലിയൊരു മസ്ജിദ് പണികഴിക്കപ്പെടുകയും ചെയ്തു. അതുപോലെ കേന്ദ്ര ഗസ്റ്റ് ഹൗസിന്റേയും മുബല്ലിഗുമാർക്കുള്ള ക്വാർട്ടേഴ്സിന്റേയും നിർമ്മാണച്ചെലവിൽ ഏറിയ പങ്കും അദ്ദേഹമാണ് വഹിച്ചത്. നാലു ക്വാർട്ടേസിന്റെ 100 ശതമാനം ചെലവും പരേതൻ വഹിക്കുകയുണ്ടായി. MTA ഇന്തൊനേഷ്യയുടെ ആദ്യ ദിനങ്ങളിൽ ഏതാണ്ട് മുഴുവൻ ചെലവുകളും പരേതനും ഭാര്യയുമാണ് വഹിച്ചിരുന്നത്. വെസ്റ്റ് ജക്കാർത്തയും അദ്ദേഹത്തിന്റെ വീടായിരുന്നു സ്റ്റുഡിയോയായി ഉപയോഗിച്ചിരുന്നത്. ജീവനക്കാർക്കുള്ള അലവൻസ് നൽകാനുള്ള ചെലവുകളും പരേതന്റെ വകയായിരുന്നു. ഇന്തൊനേഷ്യയിൽ ഹോമിയോപ്പതിയുടെ തുടക്കത്തിലുള്ള മരുന്നുകൾ മുതൽ ക്ലിനിക്കിന് വേണ്ടിയുള്ള സ്ഥലംവരെയുള്ള എല്ലാ ചെലവുകളും പരേതന്റെ കുടുംബമായിരുന്നു വഹിച്ചിരുന്നത്. വാഹിദ് സീനിയർ ഹൈസ്കൂളിന്റെ ആദ്യകാല നിർമാണ ചെലവുകളും പരേതന്റെ കുടുംബത്തിൽ നിന്നുള്ള സംഭാവനകൾ മുഖേനയായിരുന്നു നടന്നിരുന്നത്. അതിൽ വലിയ ഭാഗം അദ്ദേഹത്തിന്റേതു തന്നെയായിരുന്നു. ഖാദിയാനിലുള്ള ഇന്തൊനേഷ്യൻ ഗസ്റ്റ് HOUSE സറായെ അയ്യൂബിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതിനുവേണ്ടിയും അദ്ദേഹം സവിശേഷമായ ധനത്യാഗങ്ങൾ ചെയ്യുകയുണ്ടായി. പരേതൻ മാർക്കസിന് ചുറ്റുമുള്ള ഒരുപാട് സ്ഥലം വാങ്ങുകയും വീടുകൾ നിർമിക്കാൻ പിന്നീടത് ജമാഅത്തിന് നൽകുകയും ചെയ്തു. മഅ്സൂം അഹ്മദ് സാഹിബ് പ്രിൻസിപ്പാൾ ജാമിയ അഹ്മദിയ്യാ ഇന്തൊനേഷ്യ എഴുതുന്നു: 'ചിലപ്പോഴൊക്കെ ആമില മീറ്റിംഗിൽ നീണ്ട തർക്കങ്ങൾ നടക്കുമായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ ഇളയ സഹോദരൻകൂടിയായ അമീർ സാഹിബ് ഈ തർക്കം ഉടനടി അവസാനിപ്പിക്കണമെന്ന് പറഞ്ഞാൽ അദ്ദേഹം പെട്ടെന്ന് മൗനം പാലിക്കുകയും കൂടുതൽ അഭിപ്രായങ്ങൾ വെക്കാതിരിക്കുകയും ചെയ്യുമായിരുന്നു. അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ.

അടുത്തത് ബെനിനിലെ ദാവൂദ് റസ്സാഖി യൂനുസ് (Daouda Razaki Younus)സാഹിബിനെയാണ് അനുസ്മരിക്കുന്നത്. ഓഗസ്റ്റ് 27-നു 74-ാമത്തെ വയസ്സിലാണ് അദ്ദേഹം വഫാത്തായത്.ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേതൻ ബെനിനിലെ ആദ്യകാല അഹ്മദികളിൽ പെട്ടയാളാണ്. തന്റെ വീട്ടിൽ ഏക അഹ്മദിയായിരുന്നു. 1967-ൽ ബെനിനിലെ ഏറ്റവുമാദ്യത്തെ അഹ്മദിയും അദ്ദേഹത്തിന്റെ മൂത്ത സഹോദരനുമായ ദിക്റുല്ലാഹ് ദാവൂദ് സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. അദ്ദേഹത്തിന്റെ ഭാര്യയും മക്കളുമൊന്നും അഹ്മദികളല്ല. അല്ലാഹു അവർക്കും തൗഫീഖ് നൽകുമാറാകട്ടെ. അമീറും മിഷണറി ഇൻചാർജുമായ മിയാൻ ഖമർ അഹ്മദ് എഴുതുന്നു: വഫാത്തിന് കുറച്ചുനാൾ മുമ്പേ എന്നോട് അഹ്മദിയ്യത്ത് സ്വീകരിച്ച സംഭവം പറഞ്ഞിരുന്നു. അദ്ദേഹം പറഞ്ഞു:എന്റെ മൂത്ത സഹോദരൻ ദിക്റുല്ലാഹ് ദാവൂദ് സാഹിബ് നൈജീരിയയിൽ അഹ്മദിയ്യത്ത് സ്വീകരിച്ചു എന്ന വിവരം ലഭിക്കുകയും അഹ്മദിയ്യത്തിനെ കുറിച്ച് ജനങ്ങൾ അതുമിതും പറയുന്നത് കേൾക്കുകയും ചെയ്തപ്പോൾ ഞാൻ അദ്ദേഹത്തെ കാണാൻ പോയി. ഞാൻ അദ്ദേഹത്തിന്റെ കൈയിൽ 'അലയ്സല്ലാഹ്'ന്റെ മോതിരം കണ്ടു. ഞാനുടനെ എന്റെ ജ്യേഷ്ഠനോട് ചോദിച്ചു: 'ഇത് ഏത് മോതിരമാണ് താങ്കൾ ധരിച്ചിരിക്കുന്നത്? താങ്കളുടെ മതത്തിൽ ഈ മോതിരത്തിന്റെ പ്രസക്തി എന്താണ്?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇതിൽ ഖുർആനിലെ ആയത്താണ് എഴുതിയിട്ടുള്ളത്. അല്ലാഹു തന്റെ ദാസന് മതിയായവനല്ലെ എന്നാണ് അതിനർഥം. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) ഞങ്ങൾക്ക് ഈ അധ്യാപനമാണ് തന്നിട്ടുള്ളത്.' അപ്പോൾ ഞാൻ സഹോദരനോടു ചോദിച്ചു: 'അഹ്മദിയ്യത്ത് എന്നു പറയുന്നത് ഇസ്ലാമിൽ നിന്നു വേറിട്ട എന്തെങ്കിലും മതമാണോ?' അദ്ദേഹം പറഞ്ഞു: 'ഏതൊരു ഇമാമിനെയാണോ നിങ്ങൾ കാത്തിരിക്കുന്നത് അദ്ദേഹം വന്നിരിക്കുന്നു എന്നാണ് ഞങ്ങളുടെ വാദം. ഇതു തന്നെയാണ് യഥാർഥ ഇസ്ലാമും.' തുടർന്ന് പറയുന്നു: 'അതുകേട്ട് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പുസ്തകങ്ങൾ വായിക്കാൻ തുടങ്ങി. ഇസ്ലാംമത തത്ത്വജ്ഞാനം വായിച്ചു. അങ്ങനെ ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചു.' ബെനിൻ ജമാഅത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയ അഹ്മദികളിൽ അദ്ദേഹവും ഉൾപ്പെടുന്നു. ഫ്രാൻസിൽ നിന്നു അദ്ദേഹം ബിസിനസ് മാനേജ്മെന്റ് മാസ്റ്റേർസ് ചെയ്തിരുന്നു. ബെനിനിലെ നാഷണൽ ഡയറക്ടർ ഓഫ് ഇലക്ട്രിസിറ്റി ആൻഡ് വാട്ടർ എന്ന നിലയിലാണ് അദ്ദേഹം വിരമിച്ചത്. വളരെ ബഹുമാന്യനും പ്രഭാവശാലിയും മാന്യനുമായ വ്യക്തിയായിരുന്നു. നമസ്കാര കാര്യങ്ങളിൽ കൃത്യനിഷ്ഠനും തഹജ്ജുദ് ശീലമുള്ളയാളും സൽപ്രകൃതനും ആത്മാർഥനുമായ വ്യക്തിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും ഖലീഫമാരോടും അടങ്ങാത്ത സ്നേഹമായിരുന്നു. അവരുടെ ഗ്രന്ഥങ്ങൾ വായിക്കുന്നത് പതിവായിരുന്നു. ജമാഅത്തിൽ ഒരുപാട് ചുമതലകൾ അദ്ദേഹം വഹിക്കുകയുണ്ടായി. ബെനിൻ ജമാഅത്തിനുവേണ്ടി ഒരുപാട് സേവനങ്ങൾ അനുഷ്ഠിച്ചിട്ടുണ്ട്. ഹ്യൂമാനിറ്റി ഫസ്റ്റിന്റെ ചെയർമാൻ എന്ന നിലയിൽ ആദ്യകാലത്തുണ്ടായിരുന്നു. ഇദ്ദേഹം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നു. പരേതന്റെ കുടുംബത്തിൽനിന്നുള്ള സംഭാവനകൾ മുഖേനയായിരുന്നു അത് നടന്നിരുന്നത്. അതിൽ വലിയഭാഗം അദ്ദേഹത്തിന്റേതുതന്നെയായിരുന്നു. ഇദ്ദേഹം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കയും ഡോക്ടർമാർക്കൊപ്പം ദിവസം മുഴുവനും ഭക്ഷണംപോലും കഴിക്കാതെ മാനവ സേവയിൽ മുഴുകുകയും ചെയ്തിരുന്നു. ഡോക്ടർ ഖമർ അഹ്മദ് അലി സാഹിബ് പറയുന്നു: ബെനിനിൽ ഞാൻ ഡോക്ടറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മെഡിക്കൽക്യാമ്പ് കാരണം ക്ഷീണിച്ചിരുന്നാലും യാത്ര കാരണത്താൽ വൈകി കിടന്നാലും എപ്പോഴും അദ്ദേഹം രാത്രി നീണ്ട തഹജ്ജുദ് നമസ്കരിക്കുമായിരുന്നു. കണ്ണ് തുറന്ന ഉടൻ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 21 October 2021 Issue-42

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

എഴുന്നേറ്റ് നമസ്കരിക്കുമായിരുന്നു. പ്രസംഗിക്കുമ്പോഴൊക്കെ ബയ്അത്ത് നിബന്ധനകളനുസരിച്ച് പ്രവർത്തിക്കാൻ വളരെ വേദനയോടെ ഉപദേശിക്കുമായിരുന്നു.

ജമാഅത്തിന്റെ മുബല്ലിഗ് മുസഫ്ഫർ അഹ്മദ് സഫർ പറയുന്നു: 'പ്രസംഗിക്കുമ്പോഴൊക്കെ ബയ്അത്ത് നിബന്ധനകളനുസരിച്ച് പ്രവർത്തിക്കാൻ വളരെ വേദനയോടെ ഉപദേശിക്കുമായിരുന്നു. എന്നോട് പറയുമായിരുന്നു, **അലയ്സല്ലാഹു ബികാഫിൻ അബ്ദഹു** എന്ന മസീഹ് മൗഊദ് (അ)ന്റെ ഇൽഹാമിനെ കുറിച്ച് മനസിലാക്കാത്ത ഒരു അഹ്മദി ലൗകികതയിൽ അഭിരമിക്കുന്നവനാണ്.

അമീർ സാഹിബ് എഴുതുന്നു: 2006-ൽ ജമാഅത്തിന് 30 ഏക്കർ സ്ഥലം അദ്ദേഹം നൽകി. ഞാൻ 2021-ൽ ബെനിനിൽ മദ്റസത്തുൽ ഹിഫ്ളിന്റെ ഒരു ബിൽഡിംഗ് നിർമിച്ച് ജമാഅത്തിന് സമ്മാനിക്കണമെന്നുള്ള ആഗ്രഹം അദ്ദേഹത്തോട് പറഞ്ഞപ്പോൾ അദ്ദേഹം പുഞ്ചിരിക്കുകയും ഇൻശാ അല്ലാഹ് എന്ന് പറയുകയും ചെയ്തു. ആ പണി തുടങ്ങുകയും ചെയ്തു. പറയുമായിരുന്നു, 'ജമാഅത്തിലെ കുട്ടികൾ നല്ല വിദ്യാഭ്യാസം നേടിയാൽ ബെനിൻ, ആഫ്രിക്കൻ ജമാഅത്തുകളിൽ വലിയ ജമാത്തുകളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതായിരിക്കും.' അദ്ദേഹം ജമാഅത്തിലെ കുട്ടികൾക്ക് വില കൂടിയ പുസ്തകങ്ങൾ സമ്മാനമായി നൽകാറുണ്ടായിരുന്നു. യതീംഖാന ബയ്ത്തുൽ ഇക്റാമിൽ പോയപ്പോൾ അവിടുത്തെ ഇൻചാർജായ ഡോക്ടർ വലീദ് സാഹിബിനോട് കുട്ടികളുടെ ആരോഗ്യത്തെ കുറിച്ചും സുരക്ഷയെ കുറിച്ചും നല്ലവണ്ണം ശ്രദ്ധിക്കണമെന്ന് ഉപദേശിച്ചുകൊണ്ട് ഇത് നമ്മുടെ ജമാഅത്തിന്റെയും രാജ്യത്തിന്റെയും കുട്ടികളായതുകൊണ്ട് നമ്മളാണ് ഇവരുടെ മാതാപിതാക്കൾ എന്ന് പറയുകയും അവർക്ക് വേണ്ടി ദുആ ചെയ്യുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിനോടു മഗ്ഫിറത്തോടും കരുണയോടും കൂടി പെരുമാറട്ടെ. എല്ലാ പരേതാത്മാക്കളുടെയും പദവികൾ ഉയർത്തുമാറാകട്ടെ. ഞാൻ പറഞ്ഞതുപോലെ നമസ്കാര ശേഷം ഇവരുടെ ജനാസ ഗായിബ് നമസ്കരിക്കുന്നതായിരിക്കും.

**വിവർത്തനം: പി.കെ.അംനാസ്**

**പേജ് 1 ൽ നിന്ന്**

വ്യത്യാസമുണ്ടാകാനാണ്? എല്ലാവരും ക്ഷണത്തിൽ മുസ്ലിമീങ്ങളാകുമായിരുന്നു. അബൂബക്റിന്റെ കഴിവുകളും അബൂജഹ്ലിന്റെ കഴിവില്ലായ്മകളും ലോകം അറിയാതെ പോകുമായിരുന്നു. അതുകൊണ്ട് അങ്ങനെ ചെയ്യുന്നത് യുക്തിക്കു വിരുദ്ധമാണ്. അതുകൊണ്ട് അല്ലാഹു ബലാൽക്കാരമായി പ്രവർത്തിച്ചില്ല. അതിന്റെ ഫലമായി കഴിവുള്ളവരുടേയും കഴിവു കുറഞ്ഞവരുടേയും തീരെ കഴിവില്ലാത്തരുടേയും അവസ്ഥകൾ ലോകം അറിഞ്ഞു. തൽഫലമായി ലോകം അബൂബക്ർ, ഉമർ, ഉഥ്മാൻ, അലി രിള്വാനുല്ലാഹി അലയ്ഹിം തുടങ്ങിയവരുടെ കാലത്ത് ഫലമെടുത്തു. എല്ലാവരും ആദ്യംതന്നെ വിശ്വസിച്ചിരുന്നെങ്കിൽ ആദ്യ നേതൃത്വം കാരണത്താൽ ആളുകൾ അബൂബക്റിന്റെ സ്ഥാനത്ത് അബൂജഹ്ലിനേയോ മറ്റേതെങ്കിലും ആളേയോ തങ്ങളുടെ നേതാവാക്കുമായിരുന്നു. അബൂബക്ർ തുടങ്ങിയ ആദ്യകാല വിശ്വാസികളായ സ്വഹാബാക്കളിൽനിന്ന് അവർക്കു ലഭിക്കുമായിരുന്ന പ്രയോജനം നഷ്ടപ്പെടുകയും ചെയ്യുമായിരുന്നു. 'അലീം' എന്നു പറഞ്ഞുകൊണ്ട് പറഞ്ഞിരിക്കുന്നത് ഈ യുക്തി കാരണത്താൽ താമസമുണ്ടായി, പക്ഷേ, നിരാശരാവാതിരിക്കേണ്ടതാണ്. അലീമായ അല്ലാഹു നിങ്ങളോടു പറയുന്നു, ഭാവിയിൽ അറബികളെല്ലാവരും ഈ മതത്തിന്റ തത്ത്വത്തിൽ സംഘടിക്കുന്നതായിരിക്കും. പരലോക ജീവിതത്തിന്റെ അടിസ്ഥനത്തിൽ പറഞ്ഞു, ഒരുനാൾ മുമ്പേയും പിമ്പേയുമുള്ള സകല മനുഷ്യരും അല്ലാഹുവിന്റെ തിരുസന്നിധയിൽ ഒരുമിച്ചു കൂട്ടപ്പെടുന്നതായിരിക്കും. അവരവരുടെ കർമങ്ങൾക്ക് പ്രതിഫലം പറ്റുന്നതായിരിക്കും. അതിനാൽ മുസ്ലിമീങ്ങൾക്ക് തുടക്കത്തിലുണ്ടകുന്ന ബുദ്ധിമുട്ടുകൾ ഗൗനിക്കാതിരിക്കേണ്ടതാണ്. സാത്താനികവും കാരുണ്യപരവും തമ്മിലുള്ള പോരാട്ടത്തിൽ വിജയത്തിനുമുമ്പേ വധിക്കപ്പെടുന്നവർ പരാജിതരാണെന്ന് മനസ്സിലാക്കുകയും വേണ്ട. കാരണം യഥാർഥ പ്രതിഫലനാൾ മരണത്തിനുശേഷമാണ് വരാൻ പോകുന്നത്. അല്ലാഹുവിന്റെ യുക്തിയും ജ്ഞാനവും ഈ ലോകം യഥാർഥ പ്രതിഫലനാളാണെന്നു പറഞ്ഞിട്ടില്ല. (തഫ്സീറെ കബീർ, വാള്യം 4, പേജ് 50, പ്രസാധനം ഖാദിയാൻ 2010)

**പേജ് 7 ൽ നിന്ന്**

വൈസ്പ്രസിഡന്റ്: അനഹ്മദികളോടും സുന്നി മുസ്ലിമീംഗളോടുമുള്ള അഹ്മദികളുടെ ബന്ധം എങ്ങെനെയാണ്?

ഹുദൂർ അൻവർ: ഇസ്ലാമിലെ ഓരോ വിഭാഗവും മറ്റേ വിഭാഗത്തിന്റേമേൽ ആരോപണങ്ങൾ ഉന്നയിക്കുന്നു. ആദ്യം എല്ലാ വിഭാഗവും ഒന്നായിത്തീരുക. ഐക്യപ്പെട്ടു കഴിഞ്ഞാൽ നല്ല സ്വാധീനം ലോകരുടെ മേൽ ഉണ്ടാക്കാൻ കഴിയും.

സുന്നീ മുസ്ലിമീങ്ങളുമായുള്ള ബന്ധത്തെ കുറിച്ച് പറഞ്ഞാൽ സുന്നീ മുസ്ലിമീങ്ങളിൽ അധിക പേരും ഹദ്റത്ത് ഇമാം അബൂ ഹനീഫ(റഹ്)യെ അംഗീകരിക്കുന്നവരാണ്. അഹ്മദിയ്യാ ജമാഅത്തിലെ ഭൂരിഭാഗം ഫിഖ്ഹിന്റെ കാര്യങ്ങളും ഇമാം അബൂ ഹനീഫയുടെ ഫിഖ്ഹിനെ പിൻപറ്റിയുള്ളതാണ്. മുഹമ്മദ് നബി(സ) ഖാത്തമുന്നബിയ്യീൻ ആണെന്ന് ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നു. അദ്ദേഹത്തിന്നു ശേഷം പുതിയ ഒരു ശരീഅത്തും വരിക സാധ്യമല്ല. വിശുദ്ധ ഖുർആൻ അവസാനത്തെ ന്യായപ്രമാണ ഗ്രന്ഥമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഇതിന്നുശേഷം ഒരു പുതിയ ശരീഅത്തും വരികയില്ല. നബി(സ)തിരുമേനി ജീവിതത്തിലൂടെ നിലനിറുത്തി കാണിച്ചുതന്ന സുന്നത്തുകൾക്കനുസരിച്ച് ഞങ്ങൾ ഞങ്ങളുടെ ജീവിതം നയിച്ചു വരുന്നു. (തുടരും)

നബി(സ)തിരുമേനിയുടെ സുന്നത്തിനും വിശുദ്ധ ഖുർആനിനും എതിരാകാത്ത എല്ലാ ഹദീഥുകളും ശരിയാണെന്ന് ഞങ്ങൾ അംഗീകരിക്കുന്നു. എതിരിലുള്ളതെല്ലാം തെറ്റാണ്. അവസാന കാലത്ത് മഹ്ദിയും മസീഹും വരുമെന്നും എല്ലാ മുസ്ലിമീങ്ങളും ദൃഢമായും വിശ്വസിക്കുന്നു. ഹദ്റത്ത് മൂസാ നബിയുടെ ശരീഅത്തിനെ പിൻപറ്റി വന്ന മസീഹ് ഇപ്പോൾ ആകാശത്ത് ജീവനോടെ ഇല്ലെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അദ്ദേഹം വഫാത്തായിരിക്കുന്നു. 2000 വർഷംവരെ ഒരു വ്യക്തിയും ജീവിച്ചിരിക്കുക സാധ്യമല്ല. ഏതൊരു മസീഹാണോ ഈ അവസാന കാലത്ത് വരേണ്ടിയിരുന്നത്, സ്വഹീഹ് ബുഖാരിയിലെ ഹദീഥ് അനുസരിച്ച് നബി(സ)തിരുമേനിയുടെ ഉമ്മത്തിൽനിന്നു തന്നെയാണ് അദ്ദേഹം വരേണ്ടിയിരുന്നത്. മസീഹും മഹ്ദിയും വരുമെന്നുള്ള കാര്യത്തിൽ എല്ലാ മുസ്ലിമീങ്ങൾക്കും ഉറച്ച വിശ്വാസമുണ്ട്. മസീഹ് ആകാശത്തുനിന്നു വരുമെന്നും പിന്നീട് മഹ്ദിയോടൊപ്പം ചേർന്ന് ഇരുവരും പ്രവർത്തിക്കുമെന്നും മുസ്ലിമീങ്ങൾ വിശ്വസിക്കുന്നു. ഇത് രണ്ടും ഒരേ വ്യക്തിയുടെ രണ്ടു നാമങ്ങളാ ണെന്നും ഒരേ ഒരു വ്യക്തിയാണ് വരികയെന്നും ഞങ്ങൾ പറയുന്നു. മുസ്ലിമീങ്ങളുമായി ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടാകാൻ കാരണം ഇതുതന്നെയാണ്. ഖത്തമുന്നുബുവ്വത്ത്, അവസാന നബി, അവസാന ശരീഅത്ത് തുടങ്ങിയ ശേഷിക്കുന്ന കാര്യങ്ങളിൽ ഞങ്ങളും ഉറച്ച് വിശ്വസിക്കുന്നു.

വൈസ് പ്രസിഡന്റ്:ഞാൻ വളരെ സന്തോഷവാനാണ്. ഞാൻ മൊറോക്കൻ വംശജനാണ്. മാലിക്കി വിഭാഗത്തെ കുറിച്ചാണെങ്കിലൽ മാലിക്കി, ഹനഫി, ശാഫി ഇവരെല്ലാം മുസ്ലിമീങ്ങളാണ്. (തുടരും)

**പേജ് 6 ൽ നിന്ന്**

ചേർക്കുന്നു:

- ബഹുമാനപെട്ട നസ്വ്ർ സിദ്ദീഖീ സാഹിബ് പറയുന്നു: 'എനിക്ക് ഈ ക്ലാസ്സിൽ ഭാഗഭാക്കാകാൻ സാധിച്ചതിൽ ഞാൻ അഭിമാനം കൊള്ളുന്നു. അൽഹംദുലില്ലാഹ്! ഹുദൂർ തിരുമനസ്സ് അത്ഫാലിനോടു സംസാരിക്കുന്നത് കാണുമ്പോൾ അതെനിക്ക് സന്തോഷം പകരുന്നു.'
- ബഹുമാനപെട്ട നവീദുൽ ഇസ്ലാം പറയുന്നു: 'ഞങ്ങൾക്ക് ഇതുപോലെയുള്ള അവസരങ്ങൾ ഇനിയും ലഭിക്കണമെന്നാണ് ആഗ്രഹിക്കുന്നത്.'
- ബഹുമാനപെട്ട ഫഹദ് ചിട്ട സാഹിബ്പറയുന്നു: 'ഇത് ഞങ്ങൾക്ക് മുഴുവൻ വർഷത്തേക്കുമുള്ള ഒരു പ്രത്യേക അവസരമായിരുന്നു. ഹുദൂർ തിരുമനസ്സ് ഞങ്ങൾക്കുവേണ്ടി ഒരു മണിക്കൂർ മാറ്റിവെക്കുകയും ഞങ്ങൾക്ക് പ്രധാനപെട്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.'
- ബഹുമാനപെട്ട റൂമീ സാഹി സാഹിബ് പറയുന്നു: വിനീതൻ നാഷണൽ ആമില മെമ്പറാണ്. ഞാൻ ഈ ക്ലാസ്സിന്റെ ഭാഗമായി എന്നത് എനിക്ക് വളരെ അനുഗ്രഹമായ കാര്യമാണ്. ഹുദൂർ തിരുമനസ്സ് ഞങ്ങളുടെ മുമ്പിൽ ഉള്ളതായി അനുഭവപ്പെട്ടു. ഇതും ആത്മീയമായനിലയിൽ നമ്മുടെ പുരോഗതിക്ക് കാരണമായി മാറുന്നു. ഞാൻ ഈ ക്ലാസ്സിന്റെ ഭാഗമായി എന്നതിൽ അതീവ സന്തുഷ്ടനാണ്.
- ബഹുമാനപെട്ട തൗസ്വീഫ് റയ്ഹാൻ സാഹിബ്പറയുന്നു: എനിക്ക് ഹുദൂർ തിരുമനസ്സിന്റെ ക്ലാസ്സിന്റെ ഭാഗമാകാൻ സാധിച്ചതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. ഹുദൂർ തിരുമനസ്സ് അത്ഫാലി നോട് വളരെ വാത്സല്യത്തോടുകൂടി പെരുമാറി. ഹുദൂർ തിരുമനസ്സുമായുള്ള കൂടിക്കാഴ്ച ഞങ്ങളുടെ ആത്മീയ പുരോഗതിക്ക് കാരണമായി. ഹുദൂർ തിരുമനസ്സിന്റെ നിർദേശങ്ങൾ പ്രാവർത്തികമാക്കാനുള്ള തൗഫീഖ് അല്ലാഹു നമുക്ക് നൽകുമാറാകട്ടെ.
- ബഹുമാനപെട്ട ഇഫ്തിഖാർ അഹ്മദ്സാഹിബ്പറയുന്നു: ക്ലാസ്സിന്റെ അന്തരീക്ഷം ഞങ്ങൾ ശാരീരികമായി ഹുദൂർ തിരുമനസ്സിന്റെ സന്നിധിയിൽ ഹാജരായതുപോലെയാണ്. ഡഗ യുമായി ബന്ധപ്പെട്ട എല്ലാ ഓർമകളും മടങ്ങി വന്നതുപോലെയാണ്.(റിപ്പോർട്ട്: സുബയ്ർ അഫ്ളൽ സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, കനഡ)

**126-ാമത് ജൽസാ സാലാന, ഖാദിയാൻ**

**ഡിസംബർ 24,25,26 (വെള്ളി, ശനി, ഞായർ)**




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin